STATE BANK OF INDIA PENSIONERS' ASSOCIATION KERALA

OASIS
NEWS BULLETIN മരുപ്പച്ച
Older Adults Sharing In Service

STATE BANK OF INDIA PENSIONERS' ASSOCIATION (KERALA) KOTTAYAM DISTRICT CENTRE

Vol. IV Book.02 Regd. No. ER/450/2001 1197 മകരം –കുംഭം 2022 ഫെബ്രുവരി Date: 28.02.2022

# ബഡ്ജറ്റ് 2022–23

സ്വതന്ത്ര ഭാരതത്തിന് നൂറ് തികയും മുൻപുള്ള 25 വർഷങ്ങൾ ചേരുന്ന 'അനശ്വര കാലം' അഥവാ "അമൃതകാല"മാണ് ബജറ്റിന്റെ കാതൽ. രാജ്യത്തിന്റെ സാമ്പത്തിക കുതിപ്പിന് 'പി.എം.ഗതി ശക്തി' ഇന്ധന മാകും. 'ഏഴ് എൻജിനുകൾ' ആണ് ഇതിന്റെ ചാലക ശക്തി.

1. റോഡ്
2. റെയിൽവേ
3. വിമാനത്താവളം
4. തുറമുഖങ്ങൾ
5. പൊതു ഗതാഗത സംവിധാനം
6. ജലപാതകൾ
7. ലോജിസ്റ്റിക്സ്* സൗകര്യങ്ങൾ
   (*വൻകിട പ്രവർത്തനത്തിനുവേണ്ടിയുള്ള സേവനങ്ങളും ഉപകരണങ്ങളും എത്തിച്ചുകൊടുക്കുന്ന പ്രക്രിയ)



ബഡ്ജറ്റ് അവതരിപ്പിക്കുന്ന കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമൻ

## 1,50,000 പോസ്റ്റോഫീസുകൾ കോർ ബാങ്കിങ്ങിലേയ്ക്ക്

ഒന്നരലക്ഷത്തിലേറെ വരുന്ന രാജ്യത്തെ മുഴുവൻ പോസ്റ്റോഫീസുകളെ കോർ ബാങ്കിങ് സംവിധാനത്തിനു കീഴിലാക്കി രാജ്യത്ത് ഡിജിറ്റൽ പേമെന്റിന് പുതിയ വേഗം നൽകാൻ പദ്ധതി. പോസ്റ്റോഫീസ് അക്കൗണ്ടുകളിൽ നെറ്റ് ബാങ്കിങ് , മൊബൈൽ ബാങ്കിങ് , എ.ടി.എം. സേവനങ്ങൾ ലഭ്യമാക്കുകയാണ് പ്രധാന ലക്ഷ്യം. പോസ്റ്റോഫീസ് അക്കൗണ്ടുകളിൽനിന്ന് ബാങ്ക് അക്കൗണ്ടുകളിലേക്കും തിരിച്ചും പണം കൈമാറാനും സൗകര്യം കൊണ്ടുവരുമെന്ന് ധനമന്ത്രി നിർ**മ്മലാ** സീതാരാമൻ പറഞ്ഞു.

ഇത് എല്ലാവർക്കും സാമ്പത്തിക സൗകര്യം എന്ന ലക്ഷ്യത്തെ കൂടുതൽ ശക്തമാക്കും ഗ്രാമീണമേഖലയിൽ കർഷകർക്കും മുതിർന്ന പൗരന്മാർക്കും പദ്ധതി ഏറെ പ്രയോജനം ചെയ്യും.

## ഡിജിറ്റൽ രൂപ ഉടൻ
## നിയന്ത്രണം റിസർവ് ബാങ്കിന്

സമ്പദ്‌വ്യവസ്ഥ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2022-23 സാമ്പത്തികവർഷം റിസർവ് ബാങ്ക് ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യകളിലൂന്നിയുള്ള ഡിജിറ്റൽ രൂപ അവതരിപ്പിക്കുമെന്ന് കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ചു. ഇതിന്റെ നിയന്ത്രണം റിസർവ് ബാങ്കിനായിരിക്കും. രാജ്യത്തെ കറൻസികൾ കൈകാര്യം ചെയ്യുന്നതിനുള്ള ചെലവു കുറയ്ക്കാൻ ഇതുപകരിക്കും . കേന്ദ്രബാങ്കിന്റേതായി ഡിജിറ്റൽ കറൻസി പുറത്തിറക്കുന്നതിന് റിസർവ് ബാങ്ക് ശ്രമം നടത്തിവരുകയാണന്ന് കേന്ദ്രസർക്കാർ നേരത്തെ ലോക്‌സഭയെ അറിയിച്ചിരുന്നു. ഇടപാടുകൾ തടസ്സപ്പെടാതിരിക്കാൻ ഒട്ടേറെ പരീക്ഷണങ്ങൾക്കുശേഷമാണ് ഇത് കൊണ്ടുവരുന്നത്. സുരക്ഷ സംബന്ധിച്ച വെല്ലുവിളികൾ നേരിടാനും സജ്ജമാകേണ്ടതുണ്ട്.



അതേസമയം ബിറ്റ് കോയിൻ, ഈഥറിയം പോലുള്ള സ്വകാര്യ ക്രിപ്റ്റോകറൻസികളിൽ നിന്ന് തികച്ചും വ്യത്യസ്തമായിരിക്കും ആർ..ബി..ഐ.. അവതരിപ്പിക്കുന്ന ഡിജിറ്റൽ കറൻസി.. സ്വകാര്യ ക്രിപ്റ്റോ കറൻസികളിൽനിന്ന് വ്യത്യസ്തമായി ലീഗൽ ടെൻഡർ സ്റ്റാറ്റസ് ഉള്ളതാണിത്. നോട്ടുകൾക്കു പകരം ബ്ലോക്ക് ചെയിൻ വാലറ്റുകൾ ഉപയോഗിച്ച് പണമിടപാടുകൾക്കു പകരമായി ഇതുപയോഗിക്കാനാകും. ഇതിന്റെ മൂല്യം ആർ..ബി..ഐ.. ഉറപ്പു നൽകുന്നതിനാൽ സ്ഥിരമായിരിക്കും. . നിക്ഷേപ മാർഗമെന്ന നിലയിൽ കാണുന്നതിനാലും വിപണിയിലെ ഇടപെടലുകളും സാഹചര്യങ്ങളും മുൻ നിർത്തിയും ദിവസം തോറും മൂല്യവ്യതിയാനമുണ്ടാകുന്നുമുണ്ട് .

## വ്യക്തിഗത ആദായ നികുതി സ്ലാബുകളിൽ മാറ്റമില്ല

പ്രത്യക്ഷനികുതി വരുമാനത്തി ൻറ 35-40 ശതമാനവും സംഭാവന ചെയ്യുന്ന വ്യക്തിഗത നികുതിദായകർക്ക് ഇത്തവണ കേന്ദ്ര ബജറ്റിൽ കാര്യമായ പുതിയ ഇളവില്ല. ആദായനികുതി സ്ലാബുകളിൽ മാറ്റമുണ്ടാകുമെന്ന സാധാരണക്കാരായ നികുതിദായകരുടെ പ്രതീക്ഷ അസ്ഥാനത്തായി. കോവിഡ്, ഉയരുന്ന പണപ്പെരുപ്പം, എന്നീ വെല്ലുവിളികളിൽ നിന്ന് ആശ്വാസമേകാൻ ശമ്പളവരുമാനക്കാരുടെ സ്റ്റാൻഡേഡ് ഡിഡക്ഷൻ ഉയർത്തുമെന്ന ആവശ്യം ശക്തമായിരുന്നെങ്കിലും അതുമുണ്ടായില്ല. രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ 90.60 ശതമാനം എന്ന ഉയർന്നതലത്തിൽ സർക്കാർ കടം എത്തിനിൽക്കുന്ന സാഹചര്യത്തിൽ നികുതി നിരക്കുകൾ കുറയ്ക്കുക പ്രായോഗികമല്ല .

## കിസാൻ ഡ്രോൺ

കിസാൻ ഡ്രോൺ പ്രോത്സാഹിപ്പിക്കുമെന്ന് കേന്ദ്ര ബജറ്റ്.



വിളകൾ വിലയിരുത്തുന്നതിനും ഭൂമിയുടെ രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും കീടനാശിനികളും പോഷകങ്ങളും തളിക്കുന്നതിനും കർഷകരെ സഹായിക്കുന്നതിന് കിസാൻ ഡ്രോണുകൾ പ്രോത്സാഹിപ്പിക്കും.

## കർഷക ക്ഷേമം

കർഷകരുടെ വരുമാനം ഇരട്ടിയാക്കാനുള്ള ലക്ഷ്യമായി സർക്കാർ 2022 നിശ്ചയിച്ചു. എന്നാൽ ഈ വർഷത്തോടെ അത് പൂർത്തീകരിക്കാനാകുമോ എന്നതിനെക്കുറിച്ച് ഒരു സൂചനയും ഇല്ല, നിർമ്മലാ സീതാ രാമന്റെ യൂണിൻ ബജറ്റ് 2022-23 പ്രസംഗത്തിൽ കർഷകരുടെ വരുമാനം ഇരട്ടിയാക്കുമെന്ന്പരാമർശിച്ചിട്ടില്ല. കാർഷികവൃത്തി യിൽ നിന്നുള്ള വരുമാനം ഇരട്ടിപ്പിക്കാൻ സർക്കാർ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് അശോക് ദൽവായ് കമ്മിഷൻ നൽകിയ ശുപാർശ. 2016 - ലെ കേന്ദ്രബജറ്റിൽ അന്നത്തെ ധനമന്ത്രി അരുൺ ജെയ്റ്റ്ലി നടത്തിയ പ്രഖ്യാപനമാണ്, കർഷകരുടെ വരുമാനം 2022 ആകുമ്പോഴേക്കും ഇരട്ടിയാക്കുമെന്നത് പ്രധാനമന്ത്രിയുടെ വാഗ്ദാനത്തിന്റെ തുടർച്ച .



പ്രസ്തുത റിപ്പോർട്ട് സംബന്ധിച്ച് പൂർണമായും മൗനം പാലിച്ചിരിക്കുകയാണ് ബജറ്റിൽ. ജനസംഖ്യയുടെ പകുതിയിലധികമായ കർഷകരുടെ ജീവിതം ക്ലേശരഹിതവും പ്രസാദാത്മകവുമാക്കുന്നത് സർക്കാരിന്റെ പ്രഥമ ഉത്തരവാദിത്വമാണ്. സഹികെട്ട് തെരുവിലിറങ്ങിയ കർഷകർ ഒരുവർഷം നീണ്ട സമരം നടത്തിയത് രാഷ്ട്രീയലക്ഷ്യത്തോടെയല്ല.. കർഷകരുടെ വികാരമുൾക്കൊണ്ട് പ്രവർത്തിക്കാൻ കേന്ദ്ര - സംസ്ഥാന സർക്കാരുകൾക്കും എല്ലാ രാഷ്ട്രീയപ്പാർട്ടികൾക്കും ബാധ്യതയുണ്ട് . നിർഭാഗ്യവശാൽ ആ ചുവരെഴുത്ത് കാണുന്നതിൽ ബജറ്റ് പരാജയപ്പെട്ടു .




ഡിജിറ്റൽ സമ്പദ്വ്യവസ്ഥയ്ക്ക് ഉത്തേജനം നൽകാനും ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെ 75 –ാം വർഷം ആഘോഷിക്കുന്ന വേളയിൽ 75 ഡിജിറ്റൽ ബാങ്കിംഗ് യൂണിറ്റുകൾ (DBUs) സ്ഥാപിക്കാൻ സർക്കാർ നിർദ്ദേശിച്ചതായി കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ പ്രഖ്യാപിച്ചു. രാജ്യത്തെ 75 ജില്ലകളിൽ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ വഴി നടപ്പാക്കുന്നതിനാണ് നിർദ്ദേശം.

Azadi Ka Amrit Mahotsav




ബാങ്കിൽ പോയി ഇടപാടുകൾ നടത്തി വരാൻ ആളുകൾ ദിവസം മുഴുവൻ ഒരാൾക്കു പുറകേ ഓരാൾ വീതം നിർക്കുന്ന സർപ്പാകൃതിയുള്ള വരി, ക്യൂവിൽ, നിന്നിരുന്ന കാലം കഴിഞ്ഞു. കാലക്രമേണ, സാങ്കേതികവിദ്യയുടെ വർദ്ധിച്ചുവരുന്ന നുഴഞ്ഞുകയറ്റവും സ്മാർട്ട്ഫോണുകളുടെ വ്യാപകമായ ഉപയോഗവും ഉപയോക്താക്കളെ ഓൺലൈൻ ഇടപാടുകളിലേക്ക് നയിച്ചു.



അത് വൈദ്യുതി ബില്ലുകൾ അടയ്ക്കുകയോ നിങ്ങളുടെ പ്രിയപ്പെട്ട OTT പ്ലാറ്റ്ഫോമിലേക്കുള്ള സബ്സ്ക്രിപ്ഷൻ പുതുക്കുകയോ ചെയ്യട്ടെ, എല്ലാം നിങ്ങളുടെ ഫോണിൽ നിന്ന് തന്നെ കുറച്ച് ഘട്ടങ്ങളിലൂടെ ചെയ്യാം!

# സമ്പദ് വ്യവസ്ഥ ശക്തമെന്ന് സാമ്പത്തിക സർവേ

കൊവിഡ് മഹാമാരിക്ക് മുമ്പുള്ള നിലവാരത്തിലേക്ക് രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനം (ജി. ഡി.പി.) എത്തുമെന്ന സൂചനയിൽ സാമ്പത്തിക സർവേ റിപ്പോർട്ട് . ഏപ്രിൽ ഒന്നിന് തുടങ്ങുന്ന അടുത്ത സാമ്പത്തികവർഷം ( 2022-23 ) എട്ടു മുതൽ എട്ടരവരെ ശതമാനം സാമ്പത്തികവളർച്ച പ്രതീക്ഷിക്കുന്നതായാണ് സർവേ പറയുന്നത്. 2022 മാർച്ച് 31 - ന് അവസാനിക്കുന്ന നടപ്പുസാമ്പത്തിക വർഷത്തിൽ ജി.ഡി.പി. 9.2 ശതമാനം വരെയെത്തുമെന്നും കേന്ദ്രബജറ്റിന് മുന്നോടിയായി ധനമന്ത്രി നിർമല സീതാരാമൻ പാർലമെൻറിൽ വെച്ച സർവേയിൽ വ്യക്തമാക്കി

## പ്രതീക്ഷയുടെ അടിസ്ഥാനം

1. മഴ സാധാരണ നിലയിൽ
2.സ്വകാര്യ മേഖലയുടെ വളർച്ച
3. കൊവിഡ് മഹാമാരി അടങ്ങും
4.അന്താരാഷ്ട്ര എണ്ണവില വീപ്പയ്ക്ക് 70–75 ഡോളർ നിലാരത്തിൽ നില്ക്കും
5. കാർഷിക മേഖല ശക്തം. കാർഷിക രംഗത്ത് 3.9% വളർച്ച പ്രതീക്ഷിക്കുന്നു.

भारतीय स्टेट बैंक
State Bank of India

# ഘടനാപരമായ ചർച്ചാ യോഗം കോട്ടയത്ത്

## (AO level Structured meeting)

എസ്. ബി .ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റെ കോട്ടയം ഏരിയ കേന്ദ്രം ഭാരവാഹികൾ എസ്.ബി.ഐ. മാനേജ്മെന്റുമായി ത്രൈമാസ ചർച്ചാ യോഗം 2022 ഫെബ്രുവരി മാസം 5–ാം തിയതി പകൽ 11 മണിക്ക് കൊറോണ പ്രോട്ടോക്കോൾ പാലിച്ച് ഭാഗികമായി നേരിട്ടും ഭാഗികമായി വീഡിയോ കോൺഫറൻസ് വഴി ഓൺലൈനായും നടത്തി. കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഓഫീസ് ഡെ. ജനറൽ മനേജർ ശ്രീ. സുരേഷ് വാക്കിയിൽ അദ്ധ്യക്ഷത വഹിച്ചു.



ഡെ. ജനറൽ മാനേജർ ശ്രീ. സുരേഷ് വാക്കിയിൽ, അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുന്നു.

ഡെ. ജനറൽ മാനേജർ ശ്രീ. സുരേഷ് വാക്കിയിൽ അദ്ദേഹത്തിന്റെ ആമുഖ പ്രസംഗത്തിൽ കോവിഡ് മഹാമാരിയുടെ ഈ അതിപ്രസരണ ഘട്ടത്തിലും പെൻഷൻകാരായ നമ്മുടെ മുതിർന്ന സഹോദരർ സുരക്ഷിതരായിരിക്കുന്നതിൽ സന്തോഷം പ്രകടിപ്പിച്ചു. എന്തെങ്കിലും പ്രത്യേക സംവിധാനങ്ങൾ പ്ലാൻ ചെയ്യണമെങ്കിൽ അവ ചർച്ചയിൽ പ്രത്യേകം ഉന്നയിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

ബാങ്കിന്റെ ഭാഗത്തുനിന്ന് ചീഫ് മാനേജർ (എച്ച്. ആർ.) കോശി മാത്യുവും ഡെപ്യൂട്ടി മാനേജർ (എച്ച്. ആർ) അജിത് ലാലും ഉണ്ടായിരുന്നു . കൂടാതെ ബിജേഷ്, റീജിയണൽ മാനേജർ–1, ഡോ.അനിത. റീജിയണൽ

മാനേജർ–2 ജൂഡ് തേറാട്ടിൽ, റീജിയണൽ മാനേജർ –3 ജഗദീഷ് റീജിയണൽ മാനേജർ–,4, അവരുടെ മാനേജർ (എച്ച്. ആർ.) മാരും വീഡിയോ കോൺഫെറൻസ് വഴിയും അല്ലാതെയും സന്നിഹിതരായിരുന്നു.



ചീഫ് മാനേജർ (എച്ച്. ആർ.) ശ്രീ. കോശി മാത്യു അജണ്ട പ്രകാരമുള്ള വിഷയങ്ങൾ ചർച്ചയ്ക്കായി അവതരിപ്പിക്കുന്നു.

നമ്മുടെ സംഘടനയെ പ്രതിനിധികരിച്ചുകൊണ്ടു ഡെ. ജനറൽ സെക്രട്ടറി മാത്യു അടയ്ക്കമുണ്ടയ്ക്കൽ, കോട്ടയം ജില്ലാ പ്രസിഡന്റ് എം.ജി.രാഘവൻ, കോട്ടയം ജില്ലാ വൈസ് പ്രസിഡന്റ് കെ.എൻ. വിശ്വനാഥൻ നായർ,എന്നിവർ ചർച്ചയിൽ പങ്കെടുത്തു. ആലപ്പുഴ ജോയിന്റ് സെക്രട്ടറി കെ.കെ ഉമാപതി, ജില്ല ട്രഷറാർ വി.കെ.ഫിലിപ്പ് എന്നിവർ ആലപ്പുഴ ആർബിഒയിൽ നിന്നുള്ള വിസിയിലും ജില്ലാ വൈസ് പ്രസിഡന്റ്, തോമസ് പി മാത്യു മാവേലിക്കര ആർ.ബി.ഒ.യിൽ നിന്ന് വീഡിയോ കോൺഫെറൻസ് വഴി പങ്കെടുത്തു .



എസ്.ബി.ഐ. കോട്ടയം മാനേജ്മെന്റുമായി നടത്തിയ ത്രൈമാസ ചർച്ചാ യോഗത്തിൽ എസ്.ബി.ഐ. മാനേജ്മെന്റ് കോട്ടയം പ്രതിനിധികൾ നേരിട്ടും ആലപ്പുഴ മാവേലിക്കര, പാല റിജിയണൽ ഓഫീസ് പ്രതിനിധികൾ വീഡിയൊ കൊൺഫെറൻസ് വഴിയും ചർച്ചയിൽ പങ്കെടുക്കുന്നു.

# കാസർഗോഡ് ജില്ലയ്ക്ക് ബാങ്ക് ഡിസ്പെൻസറി

നമ്മുടെ അസോസിയേഷന്റെ ദീർഘകാലമായുള്ള ആവശ്യം, കാഞ്ഞങ്ങാട് ഡിസ്പെൻസറി, നിരന്തര പരിശ്രമങ്ങൾക്കും തുടർനടപടികൾക്കും ഒടുവിൽ യാഥാർഥ്യം ആകുന്ന വിവരം എല്ലാ മാന്യ മെമ്പർമാരെയും അറിയിക്കുന്നതിൽ അതീവ സന്തോഷം ഉണ്ട്. മെഡിക്കൽ ക്ലാനിക്കിന്റെ ഔപചാരിക ഉദ്ഘാടനം 10.02.2022 വ്യാഴാഴ്ച്ച കാഞ്ഞങ്ങാട് ആർ.ബി.ഒ.- 6 ൽ വെച്ച് നടന്നു. ആർ.ബി.ഒ റീജിയണൽ മാനേജർ ശ്രീ ധനഞ്ജയ മൂർത്തി ഉദ്ഘാടനം നാട മുറിച്ച് നിർവ്വഹിച്ചു.

ഡിസ്പെൻസറി കോട്ടച്ചേരിയിലുള്ള എസ്ബിഐ കാഞ്ഞങ്ങാട് മുഖ്യ ശാഖയുടെ എതിർവശത്ത് ആർ.ബി.ഒ.– 6 പരിസരത്ത് പ്രവർത്തിക്കുന്നു.



ആർ.ബി.ഒ 6 റീജിയണൽ മാനേജർ ശ്രീ ധനഞ്ജയ മൂർത്തി ഡിസ്പെൻസറിയുടെ ഉദ്ഘാടനം നാട മുറിച്ച് നിർവ്വഹിക്കുന്നു.

ബുധൻ വ്യാഴം വെള്ളി ശനി ദിവസങ്ങളിൽ വൈകുന്നേരം മൂന്ന് മണി മുതൽ വൈകിട്ട് അഞ്ചു മണി വരെ ഡോക്ടറുടെ സേവനം മുഴുവൻ അംഗങ്ങൾക്കും ലഭ്യമാണ്. കാസർഗോഡ് ജില്ലയിലും കാഞ്ഞങ്ങാട് പരിസരത്തും ഉള്ള മെമ്പർമാർ ഡിസ്പെൻസറിയുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തണം എന്ന് ജില്ലാ സെക്രട്ടറി എം. വിജയൻ അഭ്യർത്ഥിച്ചു..



കൊവിഡ് നിയന്ത്രണങ്ങൾക്ക് വധേയമായി ഹൃസ്വമായി നടത്തിയ ഉദ്ഘാടനച്ചടങ്ങിന് ശേഷം സംഘടനകളുടെ ഭാരവാഹികൾ ആർ.ബി.ഒ - 6 റീജിയണൽ മാനേജർ ശ്രീ. ധനഞ്ജയ മൂർത്തി യോടൊപ്പം

എസ്. ബി. ഐ. ഓഫീസേഴ്സ് അസ്സോസിയേഷൻ, സ്റ്റാഫ് യൂണിയൻ എന്നീ സംഘടനകളുടെ ഭാരവാഹികളും പ്രതിനിധികളും ആംശസയർപ്പിച്ചു സംസാരിച്ചു. ഡോക്ടർ സിറിയക് ആന്റണി, RASMEC കാഞ്ഞങ്ങാട് അസിസ്റ്റന്റ് ജനറൽ മാനേജർ ശ്രീ അനു ആർ രഘുരാജ് എന്നിവർ സന്നിഹിതരായിരുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഓഫീസേഴ്സ് അസോസിയേഷൻ റീജ്യണൽ സെക്രട്ടറി വിനീത് വി, സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയൻ (കേരള സർക്കിൾ) അസിസ്റ്റന്റ് ജനറൽ സെക്രട്ടറി ശ്രീജിത്ത് വി പി, എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ (കേരള) കാസർഗോഡ് ജില്ലാ സെക്രട്ടറി എം വിജയൻ, വൈസ് പ്രസിഡന്റ് കൃഷ്ണൻ പത്താനത്ത് എന്നിവർ സംസാരിച്ചു. മുൻ ജില്ലാ പ്രസിഡന്റ് ശ്രീ . എൻ. ഗോപാലൻ ട്രഷറർ എം കൃഷ്ണൻ, കെവി കൃഷ്ണൻ, ടി..വി. ബാബു വി.രാമകൃഷ്ണൻ, എ. വി. രാധാകൃഷ്ണൻ എം..ഗോപാലൻ, രത്നാകരൻ, കെ.രവി എന്നിവർ പങ്കെടുത്തു.. ലോക്കൽ ഇംപ്ലിമെന്റേഷൻ കമ്മറ്റി സെക്രട്ടറി ജിജേഷ് എ നന്ദി പ്രകാശിപ്പിച്ചു.

ഡിസ്പെൻസറി യാഥാർത്ഥ്യമാക്കാൻ സാധിച്ചതിൽ എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ (കേരള) അഭിമാനിക്കുന്നു.. എസ് ബി ഐ ജീവനക്കാരുടെയും , പെൻഷനേഴ്സിൻ്റേയും ദീർഘനാളായുള്ള ആവശ്യമാണ് ഡിസ്പെൻസറി അനുവദിക്കപ്പെട്ടതിലൂടെ സഫലീകരിക്കപ്പെട്ടത്.

സംഘടനയുടെ പിൻബലവും കൂട്ടായ പരിശ്രമങ്ങളുമാണ് ഈ നേട്ടത്തിന് പിന്നിൽ. ഇതിനായി പരിശ്രമിച്ച നമ്മുടെ നേതാക്കളെയും അനുവദിച്ചു തന്ന ബാങ്ക് അധികാരികളെയും ഈ അവസരത്തിൽ നന്ദി പൂർവ്വം സ്മരിക്കുന്നു.

## ഹൃദയ പൂർവ്വം ആശംസകൾ നേർന്ന് സംസ്ഥാന നേതാക്കൾ

ദീർഘകാലമായി എസ് ബി ഐ മാനേജ്മെന്റിന്റെ മുന്നിൽ നമ്മൾ നിരന്തരം മുന്നോട്ട് വെച്ചിരുന്ന ആവശ്യത്തിന്റെ സാക്ഷാത്കാരമാണ് 10.02.2022 വ്യാഴാഴ്ച്ച കാഞ്ഞങ്ങാട് ആർ ബി ഒ യിൽ ഉദ്ഘാടനം ചെയ്യപ്പെട്ട എസ് ബി ഐ ഡിസ്പെൻസറി. പല കാരണങ്ങൾ ഉയർത്തി ഒട്ടേറെ തവണ നിരാകരിച്ച ആവശ്യം വളരെ കൃത്യമായതും സൂക്ഷ്മമായതുമായ തുടർനടപടികളിലൂടെ നമുക്ക് നേടിയെടുക്കാൻ കഴിഞ്ഞു എന്നത് അഭിമാനാർഹമാണ്. ഈ കാര്യത്തിനായി നമ്മോടൊപ്പം നിന്ന സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയന്റെയും, എസ് ബി ഐ ഓഫീസേഴ്സ് അസോസിയേഷന്റെയും പ്രവർത്തനങ്ങളെ നന്ദിപൂർവ്വം ഇവിടെ രേഖപ്പെടുത്തുന്നു.

കാഞ്ഞങ്ങാട് ഡിസ്പെൻസറിയുടെ ഇനിയങ്ങോട്ടുള്ള സുഗമമായ പ്രവർത്തനവും വളർച്ചയും ഉറപ്പാക്കേണ്ടത് കാസർകോട് ജില്ലയിലെ ബഹുമാനപ്പെട്ട നമ്മുടെ അംഗങ്ങളുടെ ചുമതലയാണെന്നത് പ്രത്യേകമായി പരാമർശിക്കേണ്ടതില്ല എന്നറിഞ്ഞ് കൊണ്ട് തന്നെ ഏവരുടെയും നിസ്സീമമായ സഹകരണം ആവശ്യപ്പെടട്ടെ.

ഉദ്ഘാടനം നിർവഹിച്ച ബഹുമാനപ്പെട്ട റീജിയണൽ മാനേജർക്ക്, ചടങ്ങിൽ സാന്നിധ്യം നൽകിയ ആർ ബി ഓവിലെ മറ്റ് ഉദ്യോഗസ്ഥർക്ക് , ഓഫീസേഴ്സ് അസ്സോസിയേഷനിലെ , സ്റ്റാഫ് യൂണിയനിലെ നേതാക്കൾക്ക്, പെൻഷനേഴ്സ് അസോസിയേഷനിലെ ജില്ലാ നേതാക്കൾക്ക്, അംഗങ്ങൾക്ക് ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.
കാഞ്ഞങ്ങാട് ഡിസ്പെൻസറിക്ക് എല്ലാ വിധ വളർച്ചയും ആശംസിക്കുന്നു.
അഭിവാദ്യങ്ങളോടെ



എ ജയകുമാർ ജനറൽ സെക്രട്ടറി എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ കേരള

കെ രാജീവൻ പ്രസിഡന്റ്






# കാസർഗോഡ് ജില്ലാ സമ്മേളനം



## എയിംസ് കാസർകോട്ട് അനുവദിക്കണം -സ്റ്റേറ്റ് ബാങ്ക് പെൻഷനേഴ്സ് അസോസിയേഷൻ



സ്റ്റേറ്റ് ബാങ്ക് പെൻഷനേഴ്സ് അസോസിയേഷൻ ജില്ലാ സമ്മേളനം കോട്ടയം കളക്ടർ പി.കെ.ജയശ്രീ ഉദ്ഘാടനംചെയ്യുന്നു

കാഞ്ഞങ്ങാട് ▸ എയിംസ് കാസർകോട്ട് അനുവദിക്കണമെന്ന് സ്റ്റേറ്റ് ബാങ്ക് പെൻഷനേഴ്സ് അസോസിയേഷൻ ആവശ്യപ്പെട്ടു. അസോസിയേഷൻ ജില്ലാ സമ്മേളനം കോട്ടയം കളക്ടർ പി.കെ.ജയശ്രീ ഉദ്ഘാടനം ചെയ്തു.

സാമൂഹിക പ്രതിബദ്ധതയോടെ പ്രവർത്തിക്കുമ്പോഴാണ് സംഘടനകൾ സമൂഹത്തിൽ സ്വീകാര്യമാകുന്നതെന്ന് അവർ പറഞ്ഞു. കെ.എൽ.കുമാർ അധ്യക്ഷനായിരുന്നു. എം.വിജയൻ, രാധാകൃഷ്ണൻ, കൃഷ്ണൻ പത്താണത്ത്, ഡി.ഉമേഷ്, പദ്മനാഭ ഭട്ട്, ഗോപാലൻ നമ്പ്യാർ എന്നിവർ സംസാരിച്ചു. ഭാരവാഹികൾ: പി.വി.രവീന്ദ്രൻ നായർ (പ്രസി.), കൃഷ്ണൻ പത്താണത്ത് (വൈ. പ്രസി.), എം.വിജയൻ (സെക്ര.), എം.കൃഷ്ണൻ(ജോ.സെക്ര.), കെ.വി. കൃഷ്ണൻ (ഖജാ.).

പി.വി.രവീന്ദ്രൻ നായർ, എം.വിജയൻ

# വാലന്റൈൻസ് ഡേ



ഏറ്റവും വലിയ പാരസ്പര്യമാണ് പ്രണയവും വിവാഹവും. ഫെബ്രുവരി മാസം 14-ാം തിയതി പ്രണയ ദിനമാണ്. പ്രണയികൾ ആശംസകളും സമ്മാനങ്ങളും കൊണ്ട് തങ്ങളുടെ സ്നേഹം പ്രകടിപ്പിക്കുന്ന ദിനം. വാലന്റൈൻസ് ഡേ, സെന്റ് വാലന്റൈൻസ് ഡേ എന്നും വിളിക്കപ്പെടുന്നു, പ്രണയികൾ അവരുടെ സമാനതകൾ കണക്കിലെടുത്ത്, ഫെബ്രുവരി മധ്യത്തിൽ നടന്ന റോമൻ ഉത്സവമായ ലൂപ്പർകാലിയയിൽ നിന്നാണ് വാലന്റൈൻസ് ഡേ അവധിക്കാലം ഉത്ഭവിച്ചതെന്ന് അഭിപ്രായപ്പെടുന്നു. വസന്തത്തിന്റെ വരവ് ആഘോഷിക്കുന്ന ഉത്സവത്തിൽ, പ്രത്യുൽപാദന ചടങ്ങുകളും നറുക്കെടുപ്പിലൂടെ സ്ത്രീകളെ പുരുഷന്മാരുമായി ജോടിയാക്കലും ഉൾപ്പെട്ടിരുന്നു. അഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തിൽ, പോപ്പ് ജെലാസിയസ് ഒന്നാമൻ ലൂപ്പർകാലിയയുടെ ആഘോഷം വിലക്കി, സെന്റ് വാലന്റൈൻസ് ഡേ പകരം സ്ഥാപിക്കപ്പെട്ടു, എന്നാൽ അവധിക്കാലത്തിന്റെ യഥാർത്ഥ ഉത്ഭവം അവ്യക്തമാണ്. 14-ാം നൂറ്റാണ്ട് വരെ പ്രണയ ദിനമായി വാലന്റൈൻസ് ദിനം ആഘോഷിക്കപ്പെട്ടിരുന്നില്ല. 2022 ഫെബ്രുവരി 14 തിങ്കളാഴ്ചയാണ് വാലന്റൈൻസ് ദിനം ആഘോഷിക്കുന്നത്.



### റോമിലെ സെന്റ് വാലെന്റൈൻ

വാലന്റൈൻ എന്ന് പേരുള്ള നിരവധി ക്രിസ്ത്യൻ രക്തസാക്ഷികൾ ഉണ്ടായിരുന്നെങ്കിലും, ക്രി. 270-ൽ ക്ലോഡിയസ് II ഗോത്തിക്കസ് ചക്രവർത്തിയിൽ നിന്ന് രക്തസാക്ഷിത്വം വരിച്ച വാലന്റൈൻ എന്ന ഒരു പുരോഹിതനിൽ നിന്നാണ് ഈ ദിവസത്തിന് ഈ പേര് ലഭിച്ചത്. ഐതിഹ്യമനുസരിച്ച്, പുരോഹിതൻ ക്ലോഡിയസ് II ഗോത്തിക്കസ് ചക്രവർത്തിയുടെ ജയിലറുടെ മകൾക്ക് ഒരു കത്തിൽ "from your Valentine" എന്ന് ഒപ്പിട്ട് സന്ദേശം അയച്ചു. അവൻ ജയിലറുടെ മകളുമായി പ്രണയത്തിലായി, അവളുടെ അന്ധത മാറ്റി സുഖപ്പെടുത്തിയതിന്റെ പേരിൽ അവർ നേരത്തെ തന്നെ സുഹൃത് ബന്ധത്തിലായിരുന്നു. ഈ കാരണം മുൻ നിർത്തി ക്രി. 270-ൽ ക്ലോഡിയസ് II ഗോത്തിക്കസ് ചക്രവർത്തിയിൽ നിന്ന് വാലന്റൈൻ രക്തസാക്ഷിത്വം വരിച്ചു എന്ന് കരുതപ്പെടുന്നു.



പ്രണയികൾ ആശംസകളും സമ്മാനങ്ങളും കൊണ്ട് തങ്ങളുടെ സ്നേഹം പ്രകടിപ്പിക്കുന്നു

## രക്തസാക്ഷിത്വം

എഡി ഒന്നാം നൂറ്റാണ്ട് മുതൽ ആരംഭിച്ച് എഡി നാലാം നൂറ്റാണ്ടിൽ വരെ ക്രിസ്ത്യാനികൾക്കെതിരായ പീഡനം റോമൻ സാമ്രാജ്യത്തിലുടനീളം ഇടയ്ക്കിടെയും സാധാരണ യായി പ്രാദേശികമായും സംഭവിച്ചിരുന്നു. റോമൻ പുറ ജാതീയതയുടെയും ഹെല്ലനിസ്റ്റിക് മതത്തിന്റെയും പാരമ്പ ര്യങ്ങളിൽ ഒരു ബഹുദൈവാരാധക സമ്പ്രദായം യഥാർത്ഥത്തിൽ നില നിന്നിരുന്നു. ദൈവമാക്കപ്പെട്ട ചക്രവർത്തിമാർക്കോ മറ്റ് ദൈവങ്ങൾക്കോ ബലിയർപ്പിക്കു ന്നത് പോലുള്ള ആചാരങ്ങൾ തുടർന്ന് പോന്നിരുന്നു. ക്രിസ്തുമതം റോമൻ സാമ്രാജ്യത്തിലൂടെ വ്യാപിച്ചപ്പോൾ, പുരാതന റോമിലെ സാമ്രാജ്യത്വ ആരാധനയുമായി അത് പ്രത്യയശാസ്ത്ര പരമായ വൈരുദ്ധ്യത്തിൽ ഏർപ്പെട്ടു. ദൈവമാക്കപ്പെട്ട ചക്രവർത്തിമാർക്കോ മറ്റ് ദൈവങ്ങ ൾക്കോ ബലിയർപ്പിക്കുന്നത് പോലുള്ള പുറജാതീയ ആചാരങ്ങൾ ക്രിസ്ത്യാനികൾക്ക് വെറുപ്പുളവാക്കുന്നു, കാരണം അവരുടെ വിശ്വാസങ്ങൾ വിഗ്രഹാരാധനയെ നിരോധിച്ചിരുന്നു. രാജ്യദ്രോഹം, വിവിധ കിംവദന്തി കുറ്റകൃത്യങ്ങൾ, നിയമവിരുദ്ധമായ ഒത്തുചേരൽ, റോമൻ വിശ്വാസ ത്യാഗത്തിലേക്ക് നയിച്ച ഒരു അന്യഗ്രഹ ആരാധനാക്രമം എന്നിവയ്ക്ക് ക്രിസ്ത്യാനികളെ ഭരണകൂട വും മറ്റ് പൗരസമൂഹ അംഗങ്ങളും ശിക്ഷിച്ചു. ക്രിസ്ത്യാ നികൾക്കെതിരായ പീഡനം റോമൻ സാമ്രാജ്യത്തിലുടനീളം സാധാരണയായി. അങ്ങിനെ രക്തസാക്ഷിത്വം വരിച്ച പുരോഹിതനാണത്രേ സെന്റ് വാലെന്റൈൻ.

# ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പണം 2022 മാർച്ച് 31 വരെ ചെയ്യാം

2014-ലെ എസ്ബിഐ പെൻഷൻ ഫണ്ട് റെഗുലേഷനുകളുടെ നിലവിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ലൈഫ് സർട്ടിഫിക്കറ്റ്, പുനർവിവാഹം ചെയ്യാത്ത, തൊഴിൽ രഹിതരെന്ന സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിനുള്ള കാലാവധി നിലവിലെ പകർച്ചവ്യാധി സാഹചര്യം കണക്കിലെടുത്ത്, 2022 മാർച്ച് 31 വരെ നീട്ടി. സ്റ്റാഫ് പെൻഷൻ കുടുംബ പെൻഷൻ എന്നിവ 2022 മാർച്ച് 31 വരെ തുടരുന്നു. ലൈഫ് സർട്ടിഫിക്കറ്റിന് പുറമേ, എല്ലാ വർഷവും നവംബർ മാസത്തിൽ കുടുംബ പെൻഷൻകാർ പുനർവിവാഹം ചെയ്യാത്തതെന്നും തൊഴിൽ രഹിതരെ ന്നും സർട്ടിഫിക്കറ്റ് സമർപ്പിക്കണം. ഇതിനുള്ള സമയക്രമം 2022 മാർച്ച് 31 വരെ നീട്ടി. ഈ കാലയളവിൽ, പെൻഷൻ/കുടുംബ പെൻഷൻ തടസ്സമില്ലാതെ നൽകുന്നത് തുടരും. സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തവരുടെ പെൻഷൻ 2022 ഏപ്രിൽ മാസം മുതൽ നിർത്തലാക്കും.

भारतीय रिज़र्व बैंक
Reserve Bank of India
India's Central Bank

# ആർ.ബി.ഐയിൽ പുതിയ എക്സിക്യൂട്ടീവ് ഡയറക്ടർമാരെ നിയമിച്ചു

ജനുവരി 03 മുതൽ പ്രാബല്യത്തിൽ വരുന്ന പുതിയ എക്സിക്യൂട്ടീവ് ഡയറക്ടർമാരായി (ED) ദീപക് കുമാറിനെയും അജയ് കുമാർ ചൗധരിയെയും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ) നിയമിച്ചു. ED ആയി സ്ഥാനക്കയറ്റം ലഭിക്കുന്നതിന് മുമ്പ്, ദീപക് കുമാർ RBI-ന്റെ ഇൻഫർമേഷൻ ടെക്നോളജി വിഭാഗത്തിന്റെ തലവനായിരുന്നു, അജയ് ചൗധരി മേൽനോട്ട വകുപ്പിന്റെ ചീഫ് ജനറൽ മാനേജർ ഇൻ-ചാർജ് ആയിരുന്നു.

## ഡോ. ദീപക് കുമാറിനെ കുറിച്ച്:

വിവര സാങ്കേതിക വിദ്യ, സൈബർ സുരക്ഷ, പേയ്മെന്റ് സിസ്റ്റംസ്, കറൻസി മാനേജ്മെന്റ്, ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് തുടങ്ങിയ മേഖലകളിലെ പോളിസി മേക്കിംഗ്, പ്രോജക്റ്റ് മാനേജ്മെന്റ് പ്രവർത്തനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ആർ.ബി.ഐ യുടെ സെൻട്രൽ ഓഫീസ് ഡിപ്പാർട്ട്മെന്റുകളിൽ മൂന്ന് പതിറ്റാണ്ടിലേറെയായി കുമാർ പ്രവർത്തിക്കുന്നു.



ഡോ. ദീപക് കുമാർ

എക്സിക്യൂട്ടീവ് ഡയറക്ടർ എന്ന നിലയിൽ, ഡോ. കുമാർ ഫോറിൻ എക്സ്ചേഞ്ച് ഡിപ്പാർട്ട്മെന്റ്, ഡിപ്പാർട്ട്മെന്റ് ഓഫ് കമ്മ്യൂണിക്കേഷൻ ആൻഡ് ഡെപ്പോസിറ്റ് ഇൻഷുറൻസ്, ആർബിഐയുടെ പൂർണ ഉടമസ്ഥതയിലുള്ള

ഉപസ്ഥാപനമായ ക്രെഡിറ്റ് ഗ്യാരന്റി കോർപ്പറേഷൻ എന്നിവയുടെ ചുമതല വഹിക്കും.

## അജയ് കുമാർ ചൗധരിയെ കുറിച്ച്:



അജയ് കുമാർ ചൗധരി

അതേസമയം, മൂന്ന് പതിറ്റാണ്ടിലേറെയായി ചൗധരി മേൽനോട്ടം, നിയന്ത്രണം, കറൻസി മാനേജ്മെന്റ്, പേയ് മെന്റുകൾ, സെറ്റിൽമെന്റുകൾ, റിസർവ് ബാങ്കിന്റെ മറ്റ് മേഖലകൾ, അതിന്റെ സെൻട്രൽ ഓഫീസ്, റീജിയണൽ ഓഫീസുകൾ എന്നിവയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഫിൻടെക് ഡിപ്പാർട്ട്മെന്റ്, റിസ്ക് മോണിറ്ററിംഗ് ഡിപ്പാർട്ട് മെന്റ്, ഇൻസ്പെക്ഷൻ ഡിപ്പാർട്ട്മെന്റ് എന്നിവ അദ്ദേഹം നോക്കും.

# ആർ.ബി.ഐ. നിശ്ചയിച്ച പരിധി കടന്ന് പണപ്പെരുപ്പം

ആർ.ബി.ഐ. നിശ്ചയിച്ച ആറു ശതമാനമെന്ന പരമാവധി പരിധിയും മറികടന്ന് ജനുവരിയിലെ ഉപഭോക്തൃ പണപ്പെരുപ്പം. കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയം തിങ്കളാഴ്ച പുറത്തു വിട്ട കണക്കനുസരിച്ച് ജനുവരിയിൽ 6.01 ശതമാനമായിരുന്നു പണപ്പെരുപ്പം. ഡിസംബറിലിത് 5.59 ശതമാനമായിരുന്നു നവംബറിൽ 4.91 ശതമാനവുമായിരുന്നു ഏഴു മാസത്തിനിടയിലെ ഏറ്റവും ഉയർന്ന നിരക്കാണിത്. ഉപഭോക്തൃ ഉത്പന്നങ്ങളുടെ വിലക്കയറ്റവും ടെലികോം നിരക്കുവർധനയുമാണ് പണപ്പെരുപ്പം ഉയരാൻ പ്രധാന കാരണം

# സ്ഥിരനിക്ഷേപ പലിശ പുതുക്കി എസ്.ബി.ഐ.

രണ്ടുവർഷവും അതിനു മുകളിലേക്കുമുള്ള സ്ഥിര നിക്ഷേപങ്ങളുടെ പലിശ 0.10 ശതമാനം മുതൽ 0.15 ശതമാനം വരെ വർധി പ്പിച്ച് എസ്.ബി.ഐ. അതേസമയം , അടിസ്ഥാന പലിശയിൽ മാറ്റം വരുത്തിയിട്ടില്ല. പുതിയ നിരക്കനുസരിച്ച് രണ്ടു കോടി രൂപയിൽ താഴെ രണ്ടുമുതൽ മൂന്നുവർഷം വരെ കാലാവധിയുള്ള നിക്ഷേപത്തിന് പലിശ 5.10 ശതമാനത്തിൽനിന്ന് 5.20 ശതമാനമായി ഉയരും . മൂന്നുമുതൽ അഞ്ചുവർഷം വരെ 5.30 ശതമാനത്തിൽനിന്ന് 5.40 ശതമാന മായും അഞ്ചു വർഷം മുതൽ 10 വർഷം വരെ കാലയളവിൽ 5.40 ശതമാനത്തിൽനിന്ന് 5,50 ശതമാനമായും പലിശ ഉയർത്തി. ചൊവ്വാഴ്ച മുതൽ പുതിയ നിരക്കുകൾ പ്രാബല്യത്തിലായി. വായ്പാ വളർച്ച, നിക്ഷേപ വളർച്ചയെ പിന്നിലാക്കിയ സാഹചര്യത്തിലാണ് നടപടി.

# എസ്.ബി.ഐ. വി കെയർ

എസ്.ബി.ഐ. മുതിർന്ന പൗരന്മാർക്കായി ഒരു പ്രത്യേക ഡെപ്പോസിറ്റ് നിക്ഷേപ പദ്ധതി 27.05.2020 അവതരിപ്പിച്ചു ബാങ്ക് ഈ പദ്ധതിയിൽ മുതിർന്ന പൗരൻമാർക്ക് നൽകി വരുന്ന അര ശതമാനം അധിക പലിശയ്ക്കു പുറമെ 0.30 ശതമാനം പലിശകൂടി ലഭിക്കും . അഞ്ചു വർഷം അല്ലെങ്കിൽ അതിനു മുകളിൽ കാലാവധിയുള്ള നിക്ഷേപങ്ങൾക്കാണ് ഇതു ബാധകമാകുക. ഈ നിക്ഷേപ പദ്ധതി, എസ്.ബി.ഐ. വി കെയർ ("SBI Wecare") 2022 സെപ്റ്റംബർ 30 വരെ നീട്ടി.

എസ്ബിഐ സ്റ്റാഫിന് പലിശ നിരക്ക് പൊതുജനങ്ങൾക്ക് ബാധകമായ നിരക്കിനേക്കാൾ 1.00% കൂടുതലായിരിക്കും. "എസ്ബിഐ. വി കെയർ" ഡെപ്പോസിറ്റ് സ്കീമിൽ സീനിയർ സിറ്റിസൺമാർക്കും ബാധകമായ നിരക്ക് 0.5% കൂടാതെ 0.30 ബിപിഎസ് അധികവും ലഭിക്കും.

# രവി മിത്തൽ ഐ.ബി.ബി.ഐ. ചെയർമാനാകും

സ്പോർട്സ് വകുപ്പ് മുൻ സെക്രട്ടറി രവി മിത്തൽ ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്റ്റ്സി ബോർഡ് ഓഫ് ഇന്ത്യയുടെ ( ഐ.ബി.ബി.ഐ. ) പുതിയ ചെയർമാനാകും



രവി മിത്തൽ

അഞ്ചുവർഷത്തെക്ക് അല്ലെങ്കിൽ 65 വയസ്സ് പൂർത്തിയാ കുന്നതുവരെയാണ് നിയമനം . സെപ്റ്റംബർ 30 ന് എം.എസ് സാഹു വിരമിച്ചശേഷം ഐ.ബി.ബി.ഐ. ചെയർമാൻ തസ്തിക ഒഴിഞ്ഞുകിടക്കുകയായിരുന്നു. 1986 ബാച്ച് രവി മിത്തൽ ബിഹാർ കേഡർ ഐ.എ.എസ് . ഉദ്യോഗസ്ഥനാണ് മിത്തൽ.

പാപ്പരത്ത നടപടിക്ക് നേതൃത്വം നൽകുന്ന നിയന്ത്രണ ഏജൻസിയാണ് കോർപ്പറേറ്റ് മന്ത്രാലയത്തിനു കീഴിലുള്ള ഐ.ബി.ബി.ഐ.. ഇൻസോൾവൻസി പ്രൊഫഷണൽ ഏജൻസികൾ ഇൻസോൾവൻസി പ്രൊഫഷണലുകളും വിവരങ്ങളും പാപ്പരത്വ നടപടികളുടെയും സ്ഥാപനങ്ങളു ടെയും മേൽനോട്ടം വഹിക്കുന്നതിനുള്ള റെഗുലേറ്ററാണ് ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്റ്റ്സി ബോർഡ് ഓഫ് ഇന്ത്യ ( ഐ.ബി.ബി.ഐ. ).

# ഒരു ആസ്ട്രേലിയൻ യാത്ര

(മുൻ ലക്കത്തിൽ നിന്നും തുടർച്ച........)



കെ.എൻ. വിശ്വനാഥൻ നായർ

മെൽബണിൽ പാർക്കുകളും, തടാകങ്ങളും മിക്ക സ്ഥലങ്ങളിലും ഉണ്ട്. തടാകങ്ങളിൽ പെലിക്കണുകളും , ഐബിസ്, അരയന്നങ്ങൾ തുടങ്ങിയ പക്ഷികളും കാണും. അതേ പോലെ തന്നെയുള്ള ഒരു പാർക്കും തടാകവും ആണ് " മെൽട്ടൺ ബൊട്ടാണിക്കൽ ഗാർഡൻസ് "

## മെൽട്ടൺ ബൊട്ടാണിക് ഗാർഡൻ

സന്ദർശിക്കാൻ മനോഹരവും വിജ്ഞാനപ്രദവുമായ സ്ഥലമാണ് മെൽട്ടൺ ബൊട്ടാണിക് ഗാർഡൻ. . " ഫ്രണ്ട്സ് ഓഫ് മെൽട്ടൺ ബൊട്ടാണിക് ഗാർഡൻ" എന്നറിയപ്പെടുന്ന സമർപ്പിത സന്നദ്ധപ്രവർത്തകരാണ് ഇത് വികസിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്നത്. തടാകത്തിന് ചുറ്റുമുള്ള ബൊട്ടാണിക് ട്രെയിലിന് ചുറ്റും നടക്കുക, സ്കൂട്ട് അല്ലെങ്കിൽ ബൈക്ക് സവാരി നടത്തുക, ഒരു BBQ കഴിക്കുക, വൈവിധ്യമാർന്ന സസ്യജന്തുജാലങ്ങൾ ആസ്വദിക്കുക ഏതിനും ഇവിടെ സൗകര്യമുണ്ട്.



മെൽട്ടൺ ബൊട്ടാണിക് ഗാർഡനിൽ: ചേക്കേറുന്ന പക്ഷികൾ

## പ്രത്യേകതകൾ

- സമാനമായ കാലാവസ്ഥയുള്ള ലോകത്തിന്റെ മറ്റ് ഭാഗങ്ങളിൽ നിന്നുള്ള സസ്യങ്ങളെ അവതരിപ്പിക്കുന്നു
- വൈവിധ്യമാർന്ന വന്യജീവികൾക്ക്, പ്രത്യേകിച്ച് ഇഴജന്തുക്കൾക്കും പ്രാണികൾക്കും പക്ഷികൾക്കും, ആവാസ വ്യവസ്ഥ നൽകുന്നു.
- മിനി ബീസ്റ്റ് , ട്രെയിൽ ഉൾപ്പെടെ വിവിധ നടത്താരകളുണ്ട് .



നടത്താരയിലൂടെ സ്കൂട്ട്

- ദേശീയതലത്തിൽ രജിസ്റ്റർ ചെയ്ത ഡ്രൈലാൻഡ് യൂക്കാലിപ്റ്റുകളുടെ ഒരു ശേഖരം അവതരിപ്പിക്കുന്നു. (100-ലധികം ഇനം)
- സന്ദർശകരെ നയിക്കാൻ പരിശീലനം സിദ്ധിച്ച നായ്കളെ ലീഡ് ചെയ്യാൻ അനുവദിക്കുന്നു.
- ഇവന്റുകൾക്കായി ഒരു ആംഫി തിയേറ്റർ ലഭ്യമാണ്
- റയാൻസ് ക്രീക്കിലും തടാകത്തിനുചുറ്റും സസ്യങ്ങൾ വളർത്തുന്നതിനുള്ള ലാൻഡ്കെയർ ഗ്രാന്റ് പദ്ധതി, മെൽട്ടൺ ഗേൾ ഗൈഡുകൾ മുഖേന പ്രവർത്തിക്കുന്നു. പദ്ധതി, ദേശീയ വൃക്ഷ ദിനത്തി ൽ ആണ് ആരംഭിച്ചത്.
- ഇവിടെ ഒരു നഴ്സറി ഉണ്ട്: മെൽട്ടൺ ബൊട്ടാണിക് ഗാർഡനിൽ പ്രദർശിപ്പിച്ചിരിക്കുന്ന ചെടികൾ ഇവിടെനിന്നും സ്വന്തം പൂന്തോട്ടത്തിനായി നിങ്ങൾക്ക് വാങ്ങാം.

പക്ഷി സങ്കേത പദ്ധതിയായ ദ്വീപിൽ വിവിധ ഇനം പക്ഷികൾ ഉണ്ടായിരുന്നു. ഇത് ദ്വീപിന് 2019-ൽ 'വിക്ടോറിയ ബ്യൂട്ടിഫുൾ' അവാർഡ്' നേടിക്കൊടുത്തു



മെൽട്ടൻ ബൊട്ടാണിക്കൽ ഗാർഡൻസ് ഡസ്ക്കി മൂർ ഹെൻ ഇനം പക്ഷി

ഓരോ ഇനം പക്ഷികളെ കാണുന്ന സ്ഥലങ്ങൾ , അവിടേയ്ക്കുള്ള ദിശാ ബോർഡുകൾ, പാർക്കിനുള്ളിൽ എല്ലായിടത്തും ഉണ്ടായിരുന്നു. മണിക്കൂറുകൾ നടന്നു കാണുവാനുണ്ടായിരുന്നു. വൈകുന്നേരം വരെ എല്ലാം ആസ്വദിച്ച് നടന്നു.



26 ഹെക്ടർ സ്ഥലത്ത് പരന്നുകിടക്കുന്ന മെൽട്ടൻ ബൊട്ടാണിക്കൽ ഗാർഡൻസ്

മരക്കൊമ്പുകൾ മാത്രമുള്ള ഒരു മരത്തിൽ പെലിക്കണുകൾ ചേക്കേറിത്തുടങ്ങിയപ്പോൾ ഞങ്ങൾ വീട്ടിലേയ്ക്കു മടങ്ങി.

അടുത്തതായി പോയത് "ചെസ്റ്റർഫീൽഡ് ഫാം" കാണുവാനാണ്.

## ചെസ്റ്റർഫീൽഡ് ഫാം

സ്കോർസ്ബിയുടെ ഹൃദയഭാഗ ത്തായി സ്ഥിതി ചെയ്യുന്ന ഒരു ചരിത്രപരമായ ഫാമാണ് ചെസ്റ്റർഫീൽഡ് ഫാം. ഇപ്പോൾ ഒരു ടൂറിസ്റ്റ് എഡ്യൂക്കേഷൻ അനിമൽ ഫാം ആയി പ്രവർത്തിക്കുന്നു, ആഴ്ചയിൽ 7 ദിവസവും പൊതുജനങ്ങൾക്കായി തുറന്നിരിക്കുന്നു. പ്രവൃത്തിദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 വരെയും വാരാന്ത്യങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 5 വരെയും. (അതിശക്തമോ അനുയോജ്യമല്ലാത്തതോ ആയ കാലാവസ്ഥയുണ്ടെങ്കിൽ നേരത്തേ അടയ്ക്കാനുള്ള അവകാശം മാനേജ്മെന്റിൽ നിക്ഷിപ്തമാണ്. ക്രിസ്മസ് ദിനം, ബോക്സിംഗ് ദിനം, പുതുവത്സര ദിനം എന്നിവ ഒഴികെ എല്ലാ ദിവസവും (പൊതു അവധി ദിനങ്ങൾ ഉൾപ്പെടെ) തുറന്നിരിക്കും പ്രവർത്തനങ്ങളും മൃഗങ്ങളും എല്ലായ്പ്പോഴും വളരെയധികം ആസ്വാദനവും കാർഷിക ജീവിതത്തിന്റെ യഥാർത്ഥ അനുഭവവും നൽകുന്നു, ഒപ്പം നിരവധി അണ്ടർ-കവർ പിക്നിക് ഏരിയകൾ, ധാരാളം "മൃഗ ആകർഷണങ്ങൾ", ഒപ്പം സൗഹൃദമുള്ള സ്റ്റാഫുകൾ എന്നിവ ദിവസം ആസ്വാദ്യകരമാക്കുന്നു. മാത്രമല്ല, ജന്മദിന പാർട്ടികൾ, സ്കൂൾ & കിൻഡർ ഉല്ലാസയാത്രകൾ, ക്രിസ്മസ് പാർട്ടികൾ എന്നിവയ്ക്കും മറ്റ് പലതിനുമായി ഫാം തുറന്ന് കൊടുക്കുകയും ചെയ്യുന്നു.

പശുക്കളെ കറന്നെടുക്കുന്നത് മുതൽ മൃഗങ്ങളെ കൈകാര്യം ചെയ്യൽ, മാൻ, ആട്, ഒട്ടകം, എമു എന്നിവയ്ക്ക് ഭക്ഷണം കൊടുക്കുന്നത് മുതൽ ട്രാക്ടർ സവാരികൾ, BBQ ഏരിയകൾ എന്നിവയും അതിലേറെയും ഇവിടെയുണ്ട്.



തീറ്റയ്ക്കായി കാത്തു നിൽക്കുന്ന ഒട്ടകപ്പക്ഷി

ആക്രമണകാരികൾ ആയ മൃഗങ്ങൾ ഇല്ലാത്ത, ഒരു ചെറിയ കാഴ്ചബംഗ്ലാവ് എന്നു പറയാം. വിനോദ സഞ്ചാരത്തിനും, കൗതുകത്തിനും, മൃഗങ്ങളുമായി അടുത്തിടപഴകുന്നതിനും ഉള്ള ഒരു സ്ഥലം. കുഞ്ഞുകുട്ടികൾക്ക് വളരെ ഇഷ്ടപ്പെട്ടന്ന അനുഭവം നിറഞ്ഞ കാഴ്ചകൾ. (മകന്റെ കുഞ്ഞിന് മൃഗങ്ങളെ ഒക്കെ ഇഷ്ടപ്പെടുന്ന പ്രായം ആയതിനാലാണ് ഈ സ്ഥലം തിരഞ്ഞെടുത്തത്). നേരത്തെ തന്നെ റിസർവ് ചെയ്തു വേണം പോകുവാൻ. ട്രാക്ടർ റൈഡിന്റെ സമയവും ലഭിച്ചു, രാവിലെ 11 മണി. നേരത്തെ തന്നെ എത്തിച്ചേർന്നു.. കാർ പാർക്കിംഗിനു സമീപത്തുകൂടി " എമു " കൾ നടന്നു നീങ്ങുന്നു. പ്രവേശന കവാടത്തിനു സമീപം മയിലുകൾ പീലി വിടർത്തി നൃത്തം ആടുന്നു, ആസ്വദിച്ച് അല്പനേരം അവിടെ ചിലവഴിച്ചു. റിസപ്ഷൻ കൗണ്ടറിൽ നിന്നും പാസ്സുകളും , മൃഗങ്ങൾക്കു കൊടുക്കുവാനുള്ള തീറ്റ പായ്കറ്റുകളും വാങ്ങി ഉള്ളിലേയ്ക്ക് നടന്നു.

ഫാം പരിപാലിക്കുന്നവരിൽ അധികവും സ്ത്രീകളാണ്. കുഞ്ഞിനെ കണ്ടതോടെ രണ്ടു സ്ത്രീകൾ വന്നു ആട്ടുകളും, ചെന്നരിയാടുകളും ഉള്ള വേലിക്കുള്ളിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി. ആടുകളുടേയും, ചെമ്മരിയാടുകളുടേയും കൊമ്പിൽ പിടിക്കുവാനും, തലോടുവാനും, ഫോട്ടോകൾ എടുക്കുവാനും ഉള്ള സൗകര്യം ചെയ്തു തന്നു. തുടന്ന് മുയലുകൾ, തത്തകൾ, വിവിധ ഇനം പക്ഷികൾ, വളർത്തു പന്നികൾ, ഫാം കാവൽക്കാരായ നായകൾ, കോഴികൾ തുടങ്ങിയവയുടെ കൂടുകൾ. പിന്നീട് പശുക്കിടാങ്ങൾ, പശുക്കുട്ടിയെ ഓമനിക്കുവാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. ട്രാക്ടർ റൈഡിനുള്ള സ്ഥലത്തെത്തി.

# ട്രാക്ടർ റൈഡ്



ട്രാക്ടർ റൈഡ്
ട്രാക്ടറിന്റെ പുറകിൽ ഘടിപ്പിച്ച ട്രെയിലറിലാണ് ഇരിപ്പിടങ്ങൾ ഒരുക്കിയിരിക്കുന്നത്. ട്രെയിലറിൽ നാലു ഫാമിലിയ്ക്ക് സുഖമായി ഇരിക്കാം.

ചെറിയ ആൾക്കൂട്ടമുണ്ട്. പക്ഷേ നാലു ട്രാക്ടറുകൾ വന്നു പോയതോടെ ഞങ്ങളുടെ ഊഴമായി. ഒരു ട്രെയിലറിൽ നാലു ഫാമിലിയ്ക്കു കയറുവാനുള്ള സൗകര്യമുണ്ട്. ഒരു സ്ത്രീ വന്നു ഡോർ ലോക്കുചെയ്തു. ട്രാക്ടർ ഓടിക്കുന്നത് ഒരു സത്രീയാണ്. അവർ മൈക്കിലൂടെ എല്ലാവർക്കും സ്വാഗതമോതി. ട്രാക്ടർ നീങ്ങിത്തുടങ്ങി. പാതയുടെ ഇരുവശത്തുമുള്ള മൃഗങ്ങളെ, അപ്പോഴപ്പോൾ പരിചയ പ്പെടുത്തിക്കൊണ്ട് സാവധാനം ട്രാക്ടർ മുമ്പോട്ടേയ്ക്കു നീങ്ങിക്കൊണ്ടിരുന്നു. അര മണിക്കൂർ കൊണ്ട് ഫാം മുഴുവൻ ചുറ്റി തിരികെ എത്തി. അടുത്ത ടേണിനുള്ള ആളുകൾ കൂടി നില്ക്കുന്നു. ട്രാക്ടറിൽ നിന്നും ഇറങ്ങി ഫാം മുഴുവൻ നടന്നു കാണുവാനായി ഞങ്ങൾ മുന്നോട്ടേയ്ക്കു നടന്നു. മൃഗങ്ങളെല്ലാം ആളുകളോട് ഇണങ്ങിയവ.



നല്ല കറവയുള്ള ഹോൾസ്റ്റൈൻ ഫ്രീഷൻ ഇനംപശുക്കൾക്ക് തീറ്റ നൽകുന്നു.

വേലിയ്ക്കരികിൽ വന്ന് കൈയ്യിൽ നിന്നും തീറ്റ വാങ്ങുന്നു. ഞങ്ങൾ ആദ്യം പോയത് പശുക്കളുടെ ഫാമിനടു ത്തേയ്ക്കാണ്. നല്ല ആരോഗ്യമുള്ള പശുക്കൾ, വേലിയ്ക്കരി കിലേയ്ക്ക് വന്ന വയ്ക്ക് തീറ്റ നൽകി മുമ്പോട്ടേക്ക്.

ഇവയുടെ പാലും, പാൽ ഉല്പന്നങ്ങളും, ഐസ് ക്രീമും റിസപ്ഷൻ കൗണ്ടറിൽ ലഭ്യം. കമ്പിവലകൾ കൊണ്ട് വേർതിരിച്ച വേലിക്കെട്ടിനുള്ളിൽ മൃഗങ്ങൾ മേഞ്ഞു നടക്കുന്നു. അടുത്തത് മാനുകൾ, തൊട്ടടുത്ത് ഒട്ടകങ്ങൾ, പിന്നീട് ലാമകൾ, ഒട്ടകപ്പക്ഷികൾ, ചെമ്മരിയാടുകൾ, സീബ്രകൾ, കുതിരകൾ, അൽപാക, കംഗാരു തുടങ്ങിയവ.



ലാമ മേഞ്ഞു നടക്കുന്നു.

എല്ലാ മൃഗങ്ങളും തീറ്റയ്ക്കായി വേലിക്കരുകിലേക്ക് വരും. തീറ്റ നൽകിക്കൊണ്ട് മുമ്പോട്ടേയ്ക്ക്. ട്രാക്ടർ ഓടിച്ചു കൊണ്ട് സ്ത്രീ ജീവനക്കാർ മൃഗങ്ങൾക്കുള്ള തീറ്റയും, വെള്ളവും കൊണ്ട് ഫാമിലൂടെ നീങ്ങുന്നു. നല്ല പരിപാലനം. ഊണു കഴിക്കുവാനുള്ള സൗകര്യമൊരുക്കിയ സ്ഥലത്തി രുന്നു ഭക്ഷണം കഴിച്ചു. കാവൽ നായ്ക്കളേയും, മയിലു കളേയും ഒരിക്കൽ കൂടി കണ്ട ശേഷം വെളിയിൽ വന്നു കുറച്ചു നേരം വിശ്രമിച്ച ശേഷം വീട്ടിലേയ്ക്കു മടങ്ങി.

**(തുടരും.........)**

## കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ഭരണ സമിതി യോഗം

കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ 2022 ഫെബ്രുവരി മാസം 11-ാം തിയതി വെള്ളിയാഴ്ച വൈകിട്ട് 5 മണിക്ക് പ്രസിഡന്റ് ശ്രീ എം.ജി. രാഘവന്റെ അദ്ധ്യക്ഷതയിൽ നടന്നു. താഴെ കൊടുത്തിരിക്കുന്ന ഭരണ സമിതി അംഗങ്ങൾ പങ്കെടുത്തു.

1. ശ്രീ.പി.എം. ജേക്കബ്ബ്
2. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ
3. എം.ജി.രാഘവൻ
4. സി.പി.മാത്യു
5. പി.ഉണ്ണിക്കുഞ്ഞ്
6. കെ.എൻ.വിശ്വനാഥൻ നായർ
7. ശ്രീമതി. ത്രേസ്യാമ്മാ ആന്റണി
8. എൻ.സി.മാത്യു
9. ശ്രീമതി. ആച്ചിയമ്മ എബ്രഹാം
10. ശ്രീമതി. റൈസാ ബീഗം

അസിസ്റ്റന്റ് സെക്രട്ടറി കെ.എൻ. വിശ്വനാഥൻ നായർ സ്വാഗതം ആശംസിച്ചു.

സെക്രട്ടറി മാത്യു അടയ്ക്കാമുണ്ടയ്ക്കൽ കഴിഞ്ഞ ഭരണ സമിതി യോഗത്തിന്റെ മിനിട്സ് യോഗത്തിൽ അവതരിപ്പിച്ചു. ചർച്ച നടത്തി അംഗീകരിച്ചു.

തുടർന്ന്, ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്യാമ്മ ആന്റണി 2022 ജനുവരി 31 വരെയുള്ള കണക്കുകൾ യോഗ സമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.

## ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ നറുക്കെടുപ്പ് ഫെബ്രുവരി മാസം 11-ാം തിയതി വെള്ളിയാഴ്ച വൈകിട്ട് 5 മണിക്ക് നടന്നു. ജി.ഡി.സി.എസ്. നറുക്കെടുപ്പിൽ വിജയികളായവരുടെ പേരു വിവരം അറിയിക്കുന്നു. നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

| ക്ര. നം. | ജി.ഡി. സി.എ സ്. നം. | സല (രൂപ) | യൂണിറ്റ് ക്ര.നം. | പേര് |
|---|---|---|---|---|
| 1 | VIII | 100,000 | 191 | ജോർജ്ജ് ജോസഫ്.എം. |
| 2 | IX | 25000 | 215 | ദേവയാനി.കെ.ആർ. |
| 3 | X | 100,000 | 229 | എൻ.സി.മാത്യു |
| 4 | XI | 100,000 | 257 | എം.ഒ.കുഞ്ഞുമോൻ |
| 5 | XII | 100,000 | 299 | ഡി.കെ.രാജഗോപാൽ |

നറുക്ക് ലഭിച്ചവർക്ക് 2022 മാർച്ച് മാസം 11-ാം തിയതി ജി.ഡി.സി.എസ് തുക കൊടുക്കുന്നതിന് തീരുമാനിച്ചു. അതിനായുള്ള ഫോറങ്ങൾ പൂരിപ്പിച്ച് ഓഫീസിൽ 10-ാം തിയതിക്ക് മുൻപായി എത്തിച്ച് തരണമെന്ന് സെക്രട്ടറി അറിയിക്കുന്നു. ക്ലെയിം ചെയ്യുന്നതിനുള്ള അപേക്ഷാ ഫാറം ഓഫീസിൽ നിന്നു അയച്ചു തരുന്നതായിരിക്കും . അത് പൂരിപ്പിച്ച് ഒപ്പിട്ട് തിരിച്ചയച്ചു തരുക. കഴിവതും യാത്ര ഒഴിവാക്കിയും ഓഫീസിൽ സന്ദർശനം നടത്താതെയും സുരക്ഷിതരായിരിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## പുതിയ അംഗങ്ങൾ

### എ ക്ലാസ്സ്

പുതിയ "എ"ക്ലാസ്സ് അംഗത്വത്തിന് 5 അപേക്ഷകൾ ഉണ്ടായിരുന്നു.

1. പി.സി.മാണി, പഴഞ്ചിറയിൽ, മാഞ്ഞൂർ.പി.ഒ.
2. ബാബുരാജ്.ഇ.കെ. കണ്ടനാട്ട് പുത്തൻപുര,മാന്നാർ, പൂഴിക്കോൽ.പി.ഒ. കടുത്തുരുത്തി, കോട്ടയം
3. സെലീനാമ്മ ഇറാനി, കൊച്ചുപുരക്കൽ, പെരുമ്പായിക്കാട് കോട്ടയം
4. എം.കെ.സജാദ്, ''ഗ്രീൻസ്'' പാറോലിക്കൽ, അതിരമ്പുഴ
5. ജോസ് ജോസഫ്,വള്ളപ്പുരക്കൽ,പള്ളിപ്പുറത്തുശ്ശേരി, റ്റി.വി.പുരം

അഞ്ച് പേർക്കും അംഗത്വം നല്കിയും അപേക്ഷിച്ച ഓഹരികൾ അനുവദിച്ചും തീരുമാനമായി.

### സി ക്ലാസ്സ്

കൂടാതെ ഇനിപ്പറയുന്ന "സി" ക്ലാസ്സ് അംഗത്വവും അനുവദിച്ചു.

1. ശ്രീമതി.പി.കെ.പൊന്നമ്മ,''ഗ്രീൻസ്'' പാറോലിക്കൽ, അതിരമ്പുഴ

## 'എ' ക്ലാസ്സ് ഷെയറുകൾക്കുള്ള അപേക്ഷ

'എ' ക്ലാസ്സ് ഷെയറുകൾക്കുള്ള ലക്ഷ്മണൻ നായർ. വി.ആർ. സമർപ്പിച്ച അപേക്ഷ പരിഗണിച്ച് കൂടുതലായി 10 ഷെയറുകൾ കൂടി അനുവദിക്കാൻ തീരുമാനിച്ചു.

### വായ്പ്പാ അപേക്ഷകൾ

ഒരു ലക്ഷം രൂപ വായ്പ്പയ്ക്ക് പുതിയതായി ലഭിച്ച ഒരു അപേക്ഷ പരിഗണിച്ച് ലോൺ അനുവദിക്കാൻ ഭരണ സമിതി അനുമതി നല്കി.

## പുതിയ ജി.ഡി.സി.എസ് കുറികൾ

ഒരു ലക്ഷം രൂപ സലയുള്ള 2 പുതിയ ജി.ഡി.സി.എസ് കുറികൾ തുടങ്ങുന്നതിനുള്ള നിർദ്ദേശം സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ അവതരിപ്പിച്ചു. വിശദമായ ചർച്ചകൾക്ക് ശേഷം ഒരു ലക്ഷം രൂപ സലയുള്ള പുതിയ 2 ജി.ഡി.സി.എസ് കുറികൾ തുടങ്ങുന്നതിന് തീരുമാനിച്ചു.

## X11I-ാമത്തെ 100,000 രൂപയുടെ ജി.ഡി.സി.എസ് കുറി ഉടനെ തുടങ്ങുന്നു

പുതിയ ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കുന്ന വിവരം സന്തോഷത്തോടെ അറിയിക്കുന്നു. കുറച്ചു നമ്പറുകൾ കുടി ബാക്കി നിൽക്കുന്നു . വിളിക്കുക.

പ്രിയ സുഹൃത്തുക്കളെ,

നമ്മുടെ സൊസൈറ്റി ഈ വർഷം 25% ഡിവിഡന്റ് പ്രഖ്യാപിച്ചത് എല്ലാവരും ശ്രദ്ധിച്ചിരിക്കുമല്ലോ. സൊസൈറ്റി വളർച്ചയുടെ പാതയിലാണ്. സർക്കാർ നടത്തിയ എല്ലാ ഓഡിറ്റുകളിലും മികച്ച നിലവാരം പുലർത്തുന്നു. 'എ' ഗ്രേഡാണ് നമുക്ക് കിട്ടിയ റേറ്റിംഗ്. സൊസൈറ്റി മെമ്പർഷിപ്പ് എടുത്തിട്ടില്ലാത്തവർ എല്ലാവരും മെമ്പർഷിപ്പ് എടുത്തു നമ്മുടെ സംഘടന തുടങ്ങിയ സൊസൈറ്റിയുടെ വളർച്ചയിൽ പങ്കാളികളാകുക. കൂടാതെ പുതുതായി തുടങ്ങുവാൻ പോകുന്ന 100,000 രൂപായുടെ 25 മാസം കാലയളവുള്ള ജി.ഡി.സി.എസിൽ ചേരണമെന്ന് കൂടി അഭ്യർത്ഥിക്കുന്നു.



മാത്യു അടയ്ക്കമുണ്ടയ്ക്കൽ
ഡി.ജി.എസ്.

കൂടുതൽ വിവരങ്ങൾക്കും, ഫോമുകൾക്കും ബന്ധപ്പെടുക : സംഘടന വൈസ് പ്രസിഡന്റും, ഓഫീസ് സെക്രട്ടറിയുമായ



**ശ്രീമതി. ത്രേസ്യാമ്മ ആന്റണിയുടെ വാട്സ് ആപ്പ് നമ്പറിൽ 9446322416 ബന്ധപ്പെടുക.**

# ഫെബ്രുവരി 21 തിങ്കളാഴ്ച




**ലോക മാതൃഭാഷാദിനം**

# തിരുവനന്തപുരം ജില്ലാ കേന്ദ്രത്തിന്റെ പൊതുയോഗവും തിരഞ്ഞെടുപ്പും

12.2.2022 ന് നടന്ന തിരുവനന്തപുരം ജില്ലാ കേന്ദ്രത്തിന്റെ വാർഷിക ജനറൽ ബോഡി യോഗം പുതുതായി തിരഞ്ഞെടുത്ത ജില്ലാ കമ്മിറ്റി.

## ജില്ലാ കമ്മിറ്റി

ജോൺ ജോസഫ് . ജില്ലാ കമ്മിറ്റി രക്ഷാധികാരി

1. എ ആർ സോമനാഥൻ പിള്ള ജില്ലാ പ്രസിഡന്റ്
2. ജോസഫ് വി എൽ , ജില്ലാ സെക്രട്ടറി
3. സയ്യിദ് അബ്ദുൾ റഹ്മാൻ , ജില്ലാ ട്രഷറർ

## കമ്മറ്റി മെംബേഴ്സ്

1 ജോൺ ജൊസഫ്
2 എസ്. സതിഷ് കുമാർ
3 രാധാദേവി പി.വി.
4 ജി. മധുകുമാർ
5. രാജശേഖർ
6. എസ് വിജയകുമാരൻ നായർ
7. എ. യതീന്ദ്രദാസ്
8. ആർ. ശശി
9. ഗിരിജ. കെ.നായർ
10. എസ്.രാധകൃഷ്ണൻ
11 കെ.ജി. രാമചന്ദ്രൻ .നായർ

അംഗങ്ങളുടെ യോഗം 19.2.2022 ശനിയാഴ്ച ഉച്ചയ്ക്ക് 2.40 ന് ഓഫീസിൽ വെച്ച് നടന്നു. തിരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളും ജനറൽ സെക്രട്ടറി ശ്രീ എ ജയകുമാറും ഡി.ജി.എസ്. എം. എസ്. അയ്യരും യോഗത്തിൽ പങ്കെടുത്തു. എ. ആർ. സോമനാഥൻ പിള്ള അധ്യക്ഷത വഹിച്ചു, ജില്ലാ സെക്രട്ടറി ജോസഫ്. വി. എൽ. സ്വാഗതം പറഞ്ഞു. ജനറൽ സെക്രട്ടറി എ. ജയകുമാർ, രക്ഷാധികാരി ജോൺ ജോസഫ്, ഡിജിഎസ്, എം എസ് അയ്യർ, എല്ലാ ഭാരവാഹികളും ചടങ്ങിൽ സംസാരിച്ചു. ട്രഷറർ എസ്. എ. റഹ്മാൻ നന്ദി പ്രകാശിപ്പിച്ചതോടെ യോഗം വൈകിട്ട് 5 മണിക്ക് സമാപിച്ചു.

# വൈക്കം ഏരിയ ജനറൽ ബോഡി മീറ്റിംഗ്



വൈക്കം ഏരിയ സമ്മേളനത്തിൽ പങ്കെടുത്ത അംഗങ്ങളുടെ ഒരു ദൃശ്യം

കോവിഡ് മഹാമാരിയെ തുടർന്നുണ്ടായ അനിശ്ചിതത്വത്തിന് വിരാമമിട്ടുകൊണ്ട് 25 2 2022, വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് തലയോലപ്പറമ്പ് കെ ആർ ഓഡിറ്റോറിയത്തിൽ വെച്ച് വൈക്കം ഏരിയ ജനറൽ ബോഡി മീറ്റിംഗ് നടന്നു. 78 അംഗങ്ങൾ ഇപ്പോഴുള്ള വൈക്കം ഏരിയ, മറ്റ് ഏരിയ കമ്മിറ്റിയിൽ നിന്നും വിഭിന്നമായി ഒരു ഫിസിക്കൽ മീറ്റ് നടത്തുകയാണുണ്ടായത്. ഉച്ചകഴിഞ്ഞ് മൂന്ന് അഞ്ചിന് കൺവീനർ, അഡ്വ. P.P ഫിലിപ്പിന്റെ അദ്ധ്യക്ഷതയിൽ ഈശ്വര പ്രാർത്ഥനയ്ക്കുശേഷം യോഗം ആരംഭിച്ചു. ജോ: കൺവീനർ D.K. രാജഗോപാൽ സ്വാഗത പ്രസംഗം നിർവഹിച്ചു.



വൈക്കം ഏരിയ കൺവീനർ, അഡ്വ. പി.പി.ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ച് സംസാരിക്കുന്നു. ജില്ല പ്രസിഡന്റ് എം. ജി. രാഘവൻ, ജില്ലാ സെക്രട്ടറി പി എം ജേക്കബ്, സീനിയർ എക്സിക്യൂട്ടിവ് അംഗം എം.ആർ.സ്റ്റാലിൻ എന്നിവർ വേദിയിൽ.

മീറ്റിംഗിൽ 31പേർ പങ്കെടുത്തു. റിപ്പോർട്ട് കാലയളവിൽ ദിവംഗതരായ അംഗങ്ങൾക്കും കടുംബാംഗങ്ങൾക്കും യോഗം ആദരമർപ്പിച്ചു. യോഗത്തിന്റെ ഔപചാരികമായ ഉദ്ഘാടനം നിർവഹിച്ച ജില്ല പ്രസിഡൻറ് എം. ജി. രാഘവൻ സവിസ്തരം എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ സേവന/പ്രവർത്തന മേഖലകളിലേക്ക് കടന്നു. മൂന്ന് വർഷത്തെ പ്രവർത്തനം വിലയിരുത്തി ഒരു ആമുഖത്തോടെ ജോയിന്റ് കൺവീനർ ഡി.കെ. രാജഗോപാൽ റിപ്പോർട്ട് അവതരിപ്പിച്ചു.



ജോയിന്റ് കൺവീനർ ഡി.കെ. രാജഗോപാൽ

തുടർന്ന് അധ്യക്ഷൻ അഡ്വ. P.P ഫിലിപ്പ് ഏരിയയുടെ പ്രവർത്തനം വിശദീകരിച്ചു. തുടർന്ന് ജില്ലാ സെക്രട്ടറി ശ്രീ പി എം ജേക്കബ് തെരഞ്ഞെടുപ്പിനെ പറ്റി വിശദീകരിച്ചു. അംഗങ്ങൾ സ്വയം മുന്നോട്ട് വരികയോ അല്ലെങ്കിൽ നാമ നിർദ്ദേശം ചെയ്യുകയോ വേണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. തുടർന്ന് നാമനിർദ്ദേശങ്ങൾ ക്ഷണിച്ചു. ഏരിയയുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കുന്നതിനായി ചില സുപ്രധാന ഭേദഗതികളോടെ നിലവിലുള്ള ഭാരവാഹികളെ തന്നെ അടുത്ത മൂന്ന് വർഷത്തേക്ക് കൂടി തുടരാൻ യോഗം ഐകകണ്ഠ്യേന തീരുമാനിച്ചു. രണ്ട് പുതിയ അംഗങ്ങളെ കൂടി തെരഞ്ഞെടുത്തു. 2022 - 25 ലേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് സുഗമമായി നടത്തി.



വൈക്കം എക്സിക്യൂട്ടീവ് കമ്മറ്റി സീനിയർ അംഗം എം.ആർ. സ്റ്റാലിൻ സംഘടനാ പ്രവർത്തനങ്ങൾ വിലയിരുത്തി സംസാരിക്കുന്നു.

ഇതര വിഷയങ്ങളിൽ ചർച്ചയ്ക്കുള്ള സമയം അനുവദിച്ചത് യോഗം നല്ല രീതിയിൽ തന്നെ വിനിയോഗിച്ചു. എല്ലാ പ്രവർത്തന മേഖലകളെയും പറ്റിയുള്ള സംശയ ദൂരീകരണം നടത്തുകയുണ്ടായി. ഏതെങ്കിലും രീതിയിലുള്ള ബുദ്ധിമുട്ടുകളും പ്രയാസങ്ങളും അംഗങ്ങൾക്ക് അനുഭവപ്പെടുന്നുവെങ്കിൽ ആയത് കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്തിയാൽ അത് പരിഹരിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും നമ്മുടെ ഭാഗത്തുണ്ട് എന്ന് ഉറപ്പും നൽകുകയുണ്ടായി.
തുടർന്ന് പുതിയ 2 പേർ അസോസിയേഷൻ ലൈഫ് മെമ്പർഷിപ്പും 5 പേർ സൊസൈറ്റി അംഗത്വവും 2 പേർ XIII-ാമത്തെ 100,000 രൂപയുടെ സൊസൈറ്റി ജി.ഡി.സി. എസ് കുറി അംഗത്വവും എടുക്കുകയുണ്ടായി.

നമ്മളെ വിട്ടു പിരിഞ്ഞ A.K ദിവാകരന്റെ കുടുംബത്തിനുള്ള ബെനവലന്റ് ഫണ്ട് അദ്ദേഹത്തിന്റെ കുടുംബത്തിനു കോവിഡ് പോസിറ്റീവ് ആയ കാരണം യോഗത്തിൽ വച്ച് നൽകുവാൻ സാധിച്ചില്ല. അടുത്ത ഒരു ഫംഗ്ഷനിൽ നൽകാനും തീരുമാനിച്ചു. പുതിയ ഭാരവാഹികൾക്ക് ഏരിയ കമ്മിറ്റികൾക്കും ഉള്ള ആശംസകളർപ്പിച്ച് ജോസഫ് പള്ളിയുടെ നന്ദി പ്രകടനത്തിന് ശേഷം കൃത്യം നാല് 15ന് യോഗം പര്യവസാനിച്ചു.

# ഇന്ത്യൻ തീരത്ത് വറ്റ കുടുംബത്തിൽപെട്ട പുതിയ മത്സ്യത്തെ കണ്ടെത്തി

ഇന്ത്യയുടെ സമുദ്രമത്സ്യ സമ്പത്തിലേക്ക് പുതിയ ഒരു മത്സ്യം കൂടി. വറ്റ കുടുംബത്തിൽപെട്ട (Giant Trevally) പുതിയ മീനിനെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനമായ സിഎംഎഫ്ആർഐയാണ് കണ്ടെത്തിയത്. വറ്റകളിൽതന്നെയുള്ള 'ക്വീൻഫിഷ്' വിഭാഗത്തിൽ പെടുന്ന ഈ മീനിനെ ശാസ്ത്രീയ പഠനങ്ങളിലൂടെയാണ് പുതിയ മത്സ്യമാണെന്ന് സിഎംഎഫ് ആർഐ തിരിച്ചറിഞ്ഞത്. സ്കോംബറോയിഡ്സ് പെലാജിക്കസ്' എന്നാണ് സിഎംഎഫ്ആർഐയിലെ ശാസ്ത്രജ്ഞർ ഈ മീനിന് നാമകരണം ചെയ്തിരിക്കുന്നത്. മത്സ്യത്തൊഴിലാളികൾക്കിടയിൽ “പോളവറ്റ” എന്നാണ് ഇതിന്റെ വിളിപ്പേര്.



ഇന്ത്യൻ തീരങ്ങളിൽ 60 ഓളം വറ്റയിനങ്ങളുണ്ട്. അവയിൽ നാല് ക്വീൻഫിഷുകളാണ് നിലവിലുണ്ടായിരുന്നത്.

അഞ്ചാമത് കവീൻഫിഷാണ് പുതുതായി കണ്ടെത്തിയ പോളവറ്റ. നേരത്തെ ഈ വിഭാഗത്തിൽപെട്ട മൂന്ന് മീനുകൾക്ക് വംശനാശം സംഭവിച്ചിരുന്നു. ഇത്തരത്തിൽ അടുത്ത കാലത്തായി പല മീനുകൾക്കും വംശനാശം സംഭവിക്കുമ്പോൾ സമുദ്രജൈവ വൈവിധ്യത്തിന് ശക്തിപകരുന്നതാണ് പോളവറ്റയുടെ കണ്ടെത്തലെന്ന് മീനിനെ കണ്ടെത്താൻ നേതൃത്വം നൽകിയ സിഎംഎഫ് ആർഐയിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഇ. എം. അബ്ദുസ്സമദ് പറഞ്ഞു.

സമുദ്രസമ്പത്തിന്റെ പരിപാലന രീതികളിൽ കൃത്യത വരുത്തുന്നതിനും സിഎംഎഫ്ആർഐയുടെ പുതിയ നേട്ടം സഹായകരമാകും. കേരളത്തിലുൾപ്പെടെ ധാരാളമായി പിടിക്കപ്പെടുന്ന മത്സ്യമാണിത്. വിപണിയിൽ കിലോയ്ക്ക് 250 രൂപവരെ വിലയുണ്ട്. മാംസളമായ ശരീരഘടനയുള്ള പോളവറ്റ മറ്റ് വറ്റയിനങ്ങളെ പോലെ തന്നെ രുചിയൂറും മത്സ്യമാണ്. ഇന്ത്യയുടെ കിഴക്കൻ തീരങ്ങളിലാണ് ഇവയെ കൂടുതലായി കണ്ടുവരുന്നത്.




# നർമ്മ വീഥി












ചേട്ടാ, പുട്ടിനെന്താ ഉള്ളത് ?




# കൗതുക വാർത്തകൾ



ലോകത്തിലെ ഏറ്റവും ആഴം കൂടിയ കുളം, വലിയ ഫൗണ്ടൻ, ഏറ്റവും ഉയരം കൂടിയ കെട്ടിടം എല്ലാം ഇനി ദുബായിലെ ''മ്യൂസിയം ഒഫ് ദ ഫ്യൂച്ചർ''ന് സ്വന്തം



ഈ കൂറ്റൻ കെട്ടിടത്തിന് മുകളിൽ വന്നിറങ്ങുന്ന വിമാനം



# വായനക്കാർ എഴുതുന്നു




**ആക്ഷേപങ്ങളും അഭിപ്രായങ്ങളും**

### വയോധികർ വഴിയരികിലോ? സർക്കാർ പൊതുഭവനങ്ങൾ വേണം.....

എൺപഞ്ചുകാരിയായ, പത്തു മക്കളുടെ മാതാവ്, മക്കളിൽ ആരെടുക്കണമെന്ന തർക്കത്തിൽ, പെരുവഴിയിൽ ആംബുലൻസിൽ നാലുമണിക്കൂർ കാത്തു കിടന്നതായി പത്രവർത്ത ( മനോരമ, 15.02.22).
പണക്കാരാകട്ടെ, പാവങ്ങളാകട്ടെ, വാർദ്ധക്യത്തിൽ ധൈര്യമായി വസിക്കാൻ ഇനി സർക്കാർ പൊതുഭവനങ്ങൾ കൂടിയേ കഴിയൂ.

വശമുള്ളവരിൽ നിന്നു നിയമപരമായി യുക്തമായ തുക ഇടാക്കികൊണ്ടും, അല്ലാത്തവർക്ക് സൗജന്യമായും സർക്കാർ പൊതുഭവനങ്ങൾ തയ്യാറാക്കണം. ആവശ്യമനുസരിച്ചു ജില്ലാടിസ്ഥാനത്തിലോ പഞ്ചായത്തടിസ്ഥാനത്തിലോ ഇത്തരം കമ്മ്യൂണിറ്റി സെൻ്ററുകൾ ഉണ്ടാക്കണം. വിദേശരാജ്യങ്ങളെ ഈ കാര്യത്തിൽ മാതൃകയാക്കണം. വയസുകാലത്തു ആരുടെയും ദയ കാത്തു വഴിയിൽ കിടക്കാൻ വയസായവരെ വിധിക്കരുത്. സർക്കാർ നിയമനിർമാണം നടത്തണം, സ്ഥിരമായ വഴി കണ്ടെത്തണം, പണം കണ്ടെത്തണം.

### മാതാപിതാക്കളുടെ സംരക്ഷണം, : നിയമം മൂലം മക്കൾക്കു ഒരു ബാധ്യതയാക്കേണ്ട കാര്യമല്ല.

സംസ്ഥാനത്തു മാതാപിതാക്കളെ സംരക്ഷിക്കാത്തതിൻ്റെ പേരിലുള്ള 15,650 കേസുകൾ ഉണ്ടെന്നു നിയമസഭയിൽ സർക്കാർ (11.02.2021ലെ കണക്ക് )

നിയമം മൂലം ബാധ്യതപ്പെടുത്തേണ്ട ഒരു ഭാരമല്ല മാതാപിതാക്കളുടെ സംരക്ഷണം. ജന്മം തന്നു വളർത്തി വലുതാക്കിയവരെ അവനവനു സാധിക്കും വിധം സംരക്ഷിക്കാനുള്ള കടമ മക്കൾ പരമ്പരക്കു സ്വമേധയാ വന്നുഭവിക്കേണ്ട, തോന്നേണ്ട മഹനീയ കർത്തവ്യമാണ്.

അതു സ്വമേധയാ നടക്കുന്നില്ലെങ്കിൽ കേസുണ്ടാക്കി മക്കളെ ശിക്ഷിക്കുക പരിഷ്കൃത സമൂഹത്തിനു ചേർന്ന കാര്യമല്ല. പഞ്ചായത്തു തോറും മുതിർന്നവർക്കുള്ള സംരക്ഷണ ഭവനങ്ങൾ ' സർക്കാർ നിർമ്മിച്ചു പ്രായമായവരെ അവിടെ നിയമത്തിൽ ബാധ്യതപ്പെടുത്തി പുനരധിവസിപ്പിക്കണം. അതു നിയമം മൂലം മക്കളുടെ ചുമതലയാക്കി മാറ്റുകയല്ല വേണ്ടത്.

മാതാപിതാക്കളുടെ സംരക്ഷണ ചെലവ് താങ്ങാൻ കെൽപ്പുള്ള മക്കളിൽ നിന്നും സർക്കാരിന് വസൂലാക്കാവുന്നതാണ്. അതു സംരക്ഷണ ചുമതല നിയമം മൂലം മക്കളുടെ തലയിലാക്കലല്ല. എല്ലാ പരിഷ്കൃത രാജ്യങ്ങളിലും വൃദ്ധ ജനങ്ങൾ സാമൂഹ്യ ജീവിതം അവരുടെ മാത്രം കൂട്ടായ്മയിൽ നയിക്കുന്ന രീതിയാണുള്ളത്. നമ്മുടെ നിയമ നിർമ്മാതാക്കളും സാമുഹ്യ / മത പരിഷ്കർത്താക്കളും ശ്രദ്ധിക്കുമോ ?



പി.പി.ഫിലിപ്പ്,
വൈക്കം ഏരിയാ കമ്മിറ്റി കൺവീനർ

# റവന്യൂ വകുപ്പ് അറിയിപ്പ്

07. 10. 2021 തീയതിയിലെ GO(P)No. 1/2021/PIE&MD സർക്കാർ ഉത്തരവ് പ്രകാരം *Revenue വകുപ്പിൽനിന്നും നൽകുന്നതായ

1. ജാതി സർട്ടിഫിക്കറ്റ്
2. റസിഡൻസ് സർട്ടിഫിക്കറ്റ്
3. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
4. ലൈഫ് സർട്ടിഫിക്കറ്റ്
5. വൺ & ദ സെയിം സർട്ടിഫിക്കറ്റ്
6. ബന്ധുത്വ ( റിലേഷൻഷിപ്പ്) സർട്ടിഫിക്കറ്റ്
7. കുടുംബ അംഗത്വ (ഫാമിലി മെമ്പർഷിപ്പ്) സർട്ടിഫിക്കറ്റ്
8. ഐഡൻ്റിഫിക്കേഷ|ൻ സർട്ടിഫിക്കറ്റ്
9. മൈനോറിറ്റി സർട്ടിഫിക്കറ്റ്
10. മിശ്രവിവാഹ സർട്ടിഫിക്കറ്റ് എന്നിവയ്ക്ക് വില്ലേജ് ഓഫീസിലോ ഓൺലൈനായോ അപേക്ഷ നൽകേണ്ടതില്ല.

ആയതിന് തെളിവായി ഹാജരാക്കുന്ന രേഖകൾ എല്ലാം പ്രസ്തുത സർട്ടിഫിക്കറ്റായി പരിഗണിക്കണമെന്നാണ് സർക്കാർ ഉത്തരവായിട്ടുള്ളത്.

നേറ്റിവിറ്റി സർട്ടിഫിക്കറ്റിന് പകരമായി ജനന സർട്ടിഫിക്കറ്റ്, SSLC ബുക്ക്, റേഷൻ കാർഡ്, രക്ഷാകർത്താക്കളുടെ SSLC, അഡ്രസിനുള്ള തെളിവായി വോട്ടർ കാർഡ്, പാസ്പോർട്ട്, റേഷൻ കാർഡ്, വൈദ്യുതി ബിൽ, വാട്ടർ ബിൽ, ടെലിഫോൺ ബിൽ എന്നിവ ഉപയോഗിക്കാവുന്നതാണ്.

റസിഡൻസ് സർട്ടിഫിക്കറ്റിന് പകരമായി ആധാർ കാർഡോ ഇലക്ട്രിസിറ്റി ബിൽ ഉൾപ്പെടെ മേൽപ്പറഞ്ഞ ഏതെങ്കിലും ബില്ലുകളോ ഉപയോഗിക്കാവുന്നതാണ്.

മൈനോറിറ്റി സർട്ടിഫിക്കറ്റിനായി SSLC ബുക്കിലോ വിദ്യാഭ്യാസ രേഖയിലോ മതം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ മൈനോറിറ്റി സർട്ടിഫിക്കറ്റിൻ്റെ ആവശ്യമില്ല

ലൈഫ് സർട്ടിഫിക്കറ്റിന് ജീവൻ പ്രമാൺ എന്ന ബയോമെട്രിക് ഡിജിറ്റൽ സംവിധാനം ഉപയോഗിക്കാവുന്നതാണ്

വൺ ആൻഡ് ദ സെയിം സർട്ടിഫിക്കറ്റിന് വ്യക്തിയുടെ സത്യപ്രസ്താവന ഇനി ഗസറ്റഡ് പദവിയിലുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നൽകിയാൽ മതിയാകും

ബന്ധുത്വ (റിലേഷൻഷിപ്പ് ) സർട്ടിഫിക്കറ്റിന് റേഷൻ കാർഡ്, സ്കൂൾ സർട്ടിഫിക്കറ്റ്, പാസ്പോർട്ട്, ആധാർ, ജനന സർട്ടിഫിക്കറ്റ് എന്നീ ഏതെങ്കിലും രേഖയിൽ ബന്ധുത്വം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് തന്നെ മതിയാകും

കുടുംബ അംഗത്വ (ഫാമിലി മെമ്പർഷിപ്പ്) സർട്ടിഫിക്കറ്റിന് റേഷൻ കാർഡ് മതിയായ രേഖയാണ്.

ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റിന് ആധാർ, ഡ്രൈവിങ് ലൈസൻസ്, പാസ്പോർട്ട്, വോട്ടർ ID, ജോലി ചെയ്യുന്ന സ്ഥാപനത്തിലെ തിരിച്ചറിയൽ കാർഡ് എന്നിങ്ങനെ ഏതെങ്കിലും മതിയാവും. ഇവയൊന്നുമില്ലെങ്കിൽ ഗസറ്റഡ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതി.

ജാതി സർട്ടിഫിക്കറ്റിന് SSLC / വിദ്യാഭ്യാസ രേഖയിൽ ജാതി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ സർട്ടിഫിക്കറ്റിന് പകരമായി പരിഗണിക്കുന്നതാണ്.

മിശ്രവിവാഹ സർട്ടിഫിക്കറ്റിന് SSLC / വിദ്യാഭ്യാസ രേഖയിൽ ജാതി രേഖപ്പെടുത്തിയിരിക്കുകയും സബ് രജിസ്ട്രാറോ തദ്ദേശസ്ഥാപനമോ നൽകിയ വിവാഹ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കുകയും ചെയ്താൽ മിശ്രവിവാഹ സർട്ടിഫിക്കറ്റായി തന്നെ പരിഗണിക്കുന്നതാണ്.

എല്ലാറ്റിലുമുപരി ഒരു രേഖയും സാക്ഷ്യപ്പെടുത്തുന്നതിനായി ഗസറ്റഡ് ഓഫീസറെ തേടി അലയേണ്ട. സ്വയം സാക്ഷ്യപ്പെടുത്തി നൽകിയാൽ മതിയാകും.

പൗരൻമാർക്ക് അനായാസം സർക്കാർ സംബന്ധിയായ കാര്യങ്ങളും സേവനങ്ങളും നിർവ്വഹിച്ചു കിട്ടിനാണ് മേൽ ഉത്തരവ് സർക്കാർ ഇറക്കിയിരിക്കുന്നത്.

മേല്പറഞ്ഞ സർട്ടിഫിക്കറ്റുകൾക്കായി വില്ലേജ് ഓഫീസിലോ ഓൺലൈനായോ ക്യൂ നിന്ന് ഇനി പ്രയാസപ്പെടേണ്ടതില്ല.

പൊതുജനങ്ങളെ വിശ്വാസത്തിലെടുത്ത് സർക്കാർ ഇറക്കിയ സുപ്രധാനമായ ഈ ഉത്തരവ് പ്രയോജനപ്പെടുത്തണം എന്ന് അഭ്യർത്ഥിക്കുന്നു.

**എന്തുമാത്രം പാഴ് ജോലികളാണ് ഓഫീസുകളിൽ നിന്ന് നീക്കം ചെയ്യുന്നത്!! ആരുടെ ബുദ്ധിയിലുദിച്ചതായാലും ഇതിനൊരു ബിഗ് സല്യൂട്ട്!!**




# കെ.സുബ്രഹ്മണ്യത്തിന് പി.എച്ച്.ഡി


കെ.സുബ്രഹ്മണ്യം

കാഞ്ചീപുരം ശ്രീചന്ദ്രശേഖരേന്ദ്ര വിശ്വമഹാ വിദ്യാലയത്തിൽ നിന്ന് മാനേജ്മെന്റ് സ്റ്റഡീസിൽ പി.എച്ച്.ഡി, നേടിയ എസ്.ബി.റ്റി. മുൻ ചീഫ് മാനേജർ തിരുനക്കര കൃഷ്ണപ്രിയയിൽ കെ.സുബ്രഹ്മണ്യം. എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ, കോട്ടയം ജില്ലയുടെ അനുമോദനങ്ങൾ!

# അഞ്ജലി ജേക്കബ്ബിന് പി.എച്ച്.ഡി


അഞ്ജലി

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രത്തിലെ അംഗം ലാജി ജേക്കബ്ബിന്റെ മകൾ അഞ്ജലി ജേക്കബ്ബ് മഹാത്മാഗാന്ധി യൂണിഴ്സിറ്റിയിൽ നിന്നും മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളുടെ സമൂഹ വായ്പകൾ സമൂഹ്യ സാമ്പത്തിക ഉൾപ്പെടുത്തലിന് കരുവാകുന്നത് സംബന്ധിച്ച പഠനത്തിന് പി.എച്ച്.ഡി നേടിയ വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. മാനേജ്മെന്റ് സ്റ്റഡീസിൽ എം.ബി.എ. കഴിഞ്ഞ ശേഷമാണ് പി.എച്ച്.ഡിക്ക് ചേർന്നത്. യു.കെ.യിലെ ഷെഫീൽഡിൽ ഭർത്താവോടൊത്ത് താമസിക്കുന്നു . എസ്. ബി.

ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ, കോട്ടയം ജില്ലയുടെ അനുമോദനങ്ങൾ!

# 2022ഫെബ്രുവരി മാസം വിരമിക്കുന്നവരോട്

പ്രിയപ്പെട്ടവരെ,

2022 ഫെബ്രുവരി അവസാനം സർവീസ് പൂർത്തിയാക്കി വിരമിക്കുന്നത് 32 പേരാണ്. വരും മാസങ്ങളിലും ഏറെപ്പേർ ബാങ്കിന്റെ പടിയിറങ്ങുകയാണ്. കോവിഡ് മഹാമാരി താറുമാറാക്കിയ ജനജീവിതം ഇനിയും പൂർവ്വസ്ഥിതി പ്രാപിച്ചിട്ടില്ല. സീനിയർ സിറ്റിസൺ സായ നമ്മുടെ അവസ്ഥ പ്രത്യേകം എടുത്തു പറയാനുമില്ല. ശാഖകളിൽ നേരിട്ടുപോയി യാത്രയയപ്പ് ചടങ്ങുകളിൽ പങ്ക് കൊള്ളാനും എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനിലേയ്ക്ക് സ്വാഗതം ചെയ്യാനും കഴിയാത്ത അവസ്ഥ തുടരുക തന്നെയാണ്.

ബാങ്കുമായി നമ്മുടെ ബന്ധം വേറിട്ടു കഴിഞ്ഞു. നമുക്ക് നാം മാത്രമാണിനി ആശ്രയം. അംഗീകൃത സംഘടനയായ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനിൽ ചേർന്ന് ഒത്തൊരുമിച്ച് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു. സ്വാഗതം! എല്ലാവർക്കും ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു.

സ്നേഹപൂർവം



ജോസഫ് പാലയ്ക്കൻ,
ഡി.ജി.എസ്. എറണാകുളം



മാത്യു അടയ്ക്കമുണ്ടയ്ക്കൽ
ഡി.ജി.എസ്. കോട്ടയം

## ഈ മാസം സർവീസിൽ നിന്ന് വിരമിക്കുന്നവർ

എസ്ബിഐയിൽ നിന്നും 2022ഫെബ്രുവരി 28ന് വിരമിക്കുന്നവർ

1. ആഗസ് ആലീസ്.വി.പി. മാനേജർ, റാസ്മെക്ക്, ആലുവ, എറണാകുളം
2. ദേവസ്സി.കെ.പാപ്പു, ചീഫ് അസ്സോസിയേറ്റ്,, ആലുവ, എറണാകുളം
3. ഗീതാ നടരാജൻ, ഡെ. മാനേജർ ഇന്റർനാഷണൽ സർവീസ് ബ്രഞ്ച്, എറണാകുളം
4. ജെസ്സി സ്റ്റീഫൻ, ഡെ. മാനേജർ എൽ.സി.പി.സി. എറണാകുളം
5. മേരി.പി.വി. ഡെ. മാനേജർ കീഴ്മാട് ശാഖ, എറണാകുളം
6. രഘു.എം.എസ്. സീനിയർ റെക്കോർഡ് കീപ്പർ /കാഷ്യർ, പെരുമ്പാവൂർ ശാഖ, എറണാകുളം
7. രവി വെങ്കിടേഷ്.ആർ., ചീഫ് മാനേജർ. അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, എറണാകുളം
8. വൽസ എം.കെ. ഡെ. മാനേജർ എസ്.എം.ഇ. ശാഖ കളമശ്ശേരി, എറണാകുളം
9. സെരിറ്റാ മിൽറെഡ് അലോഷ്യസ്, സ്പെഷ്യൽ അസ്സോസിയേറ്റ്, സാർക്ക്, എറണാകുളം
10. രാജലക്ഷ്മി.ടി.എം,. ചീഫ് മാനേജർ, ആർ.എ.സി. പി.സി.ഐ. എറണാകുളം,
11. ദിലീപ് കുമാർ.വി.എസ്. സീനിയർ അസ്സോസിയേറ്റ് തൊടുപുഴ, ഇടുക്കി
12. ശശി.എം.കെ. സീനിയർ ഹെഡ് വാച്ച് മാൻ വണ്ടിപ്പെരിയാർ, ഇടുക്കി
13. വിജയൻ.വി. സീനിയർ ഹെഡ് മെസ്സഞ്ജർ, കൊട്ടാരക്കര, കൊല്ലം
14. അജയകുമാർ.ബി.വർമ്മ, മാനേജർ,റാസ്മെക്ക്, ആലപ്പുഴ
15. കുര്യൻ വർഗീസ്, സീനിയർ ഹെഡ് മെസ്സഞ്ജർ, കളക്ടറേറ്റ് ബ്രാഞ്ച്, കോട്ടയം
16. ലളിതാംബിക.പി.എൻ. സ്പെഷ്യൽ അസ്സോസിയേറ്റ്, ഉഴവൂർ, കോട്ടയം
17. ഷേർളി ജോസഫ്, ഡെ.മാനേജർ, ചങ്ങനാശ്ശേരി.എ.ഡി.ബി
18. വിനോദ് കുമാർ.വി., ചീഫ് മാനേജർ, ആർ.ബി.ഒ-1, കോട്ടയം
19. ജോസഫ് തയ്യിൽ, ചീഫ് മാനേജർ, റാസ്മെക്ക്, കണ്ണൂർ
20. പ്രശാന്തൻ. പി. സീനിയർ അസ്സോസിയേറ്റ്, തളിപ്പറമ്പ്
21. വിനയകുമാർ.കെ. ചീഫ് അസ്സോസിയേറ്റ്, പാപ്പിനിശ്ശേരി, കണ്ണൂർ
22. നാരായണൻ.റ്റി. സീനിയർ സീനിയർ റെക്കോർഡ് കീപ്പർ /കാഷ്യർ കോഴിക്കോട്
23. നളിനി.കെ.പി. സീനിയർ ഹെഡ് മെസ്സഞ്ജർ പാങ്ങ്, സൗത്ത് പാങ്ങ്, മലപ്പുറം
24. സുധാകരൻ.റ്റി. സീനിയർ ഹെഡ് വാച്ച് മാൻ. താനൂർ, മലപ്പുറം
25. ഉണ്ണി.പി,സി. സ്പെഷ്യൽ റെക്കോർഡ് കീപ്പർ /കാഷ്യർ, സിവിൽ സ്റ്റേഷൻ ശാഖ, മലപ്പുറം
26. അബു.എ. സീനിയർ അസ്സോസിയേറ്റ്, സുല്ത്താൻ ബത്തേരി,വയനാട്
27. ബേബി ഗിരിജ.ആർ. ജനറൽ അറ്റന്റർ, കരമന, തിരുവനന്തപുരം
28. രമേഷ്.ആർ. ചീഫ് അസ്സോസിയേറ്റ്, ആൽത്തറ ജംങ്ക്ഷൻ ശാഖ. തിരുവനന്തപുരം
29. സാജൻ ജോൺ, ചീഫ് മാനേജർ ലോക്കൽ ഹെഡ് ഓഫീസ് തിരുവനന്തപുരം
30. ഉഷാ റാണി. ആർ. ചീഫ് അസ്സോസിയേറ്റ് സി.സി.പി.സി. തിരുവനന്തപുരം
31. വിജയമോഹനൻ .ആർ. ചീഫ് മാനേജർ ലോക്കൽ ഹെഡ് ഓഫീസ് തിരുവനന്തപുരം
32. ഹംസ. സീനിയർ ഹെഡ് വാച്ച് മാൻ. ഷൊർണൂർ, പാലക്കാട്

# ദിലീപ് കുമാർ.വി.എസ്.



ദിലീപ് കുമാർ.വി.എസ്.

എസ്ബിഐ തൊടുപുഴ ശാഖയിൽനിന്നും 17 വർഷവും ദീർഘിച്ച സ്തുത്യർഹമായ സേവനത്തിന് ശേഷം 2022 ഫെബ്രുവരി മാസം 28–ാം തിയതി വിരമിക്കുന്ന ദിലീപ് കുമാർ.വി.എസ്. സീനിയർ അസ്സോസിയേറ്റ്. 2005ൽ മറയൂർ ശാഖയിൽ ആംഡ് ഗാർഡ് ആയി ബാങ്ക് സേനത്തിന് തുടക്കം കുറിച്ചു. 2009ൽ പ്രോമോഷനായി തൊടുപുഴ ശാഖയിലും സീനിയർ അസോസിയേറ്റ് ആയി വഴിത്തല ശാഖയിലും ജോലി ചെയ്തു. 17 വർഷത്തെ സമർപ്പിത സേവൻത്തിന് ഫെബ്രുവരി മാസം 28ന് തിർശ്ശീല വീഴുകയാണ്. ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. യാത്രാമംഗളങ്ങൾ!! എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനുമായി ച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

# ദേവസ്സി. കെ.പി.



ദേവസ്സി. കെ.പി.

41 വർഷം നീണ്ട സ്തുത്യർഹമായ സർവീസ് പൂർത്തിയാക്കിയ ശേഷം ആലുവ മെയിൻ ശാഖയിൽ നിന്നും വിരമിച്ച ദേവസ്സി. കെ.പി. ചീഫ് അസ്സോസിയേറ്റ്.. സന്തോഷം നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.

# രാജലക്ഷ്മി.ടി.എം

എറണാകുളം ആർ. എ. സി. പി.സി.ഐ.യിൽ നിന്നും 36 വർഷവും 5 മാസവും ദീർഘിച്ച സ്തുത്യർഹമായ സേവനത്തിന് ശേഷം 2022 ഫെബ്രുവരി മാസം 28–ാം തിയതി വിരമിക്കുന്ന രാജലക്ഷ്മി.ടി.എം. ചീഫ് മാനേജർ.



രാജലക്ഷ്മി.ടി.എം

ധന്യമായ , സമാധാനവും സന്തോഷവും നിറഞ്ഞ ഒരു റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

# രവി വെങ്കിടേഷ്.ആർ



രവി വെങ്കിടേഷ്.ആർ

36 വർഷവും 5 മാസവും ദീർഘിച്ച കളങ്കരഹിതമായ സമർപ്പിത സേവൻത്തിന് ശേഷം എറണാകുളം അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ ചീഫ് മാനേജർ പദവിയിൽ

നിന്നും 2022 ഫെബ്രുവരി മാസം 28-ാം തിയതി വിരമിക്കുന്ന രവി വെങ്കിടേഷ്.ആർ.

ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. യാത്രാമംഗളങ്ങൾ!! എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

# ഗീതാ നടരാജൻ



ഗീതാ നടരാജൻ

38 വർഷവും 3 മാസവും ദീർഘിച്ച കറപുരളാത്ത, തിളക്കമാർന്ന സേവനത്തിന് ശേഷം എറണാകുളം ഇന്റർനാഷണൽ സർവീസ് ബ്രഞ്ചിൽ നിന്നും 2022 ഫെബ്രുവരി മാസം 28-ാം തിയതി വിരമിക്കുന്ന ഗീതാ നടരാജൻ, ഡെ. മാനേജർ. സന്തോഷപൂർണ്ണമായ രണ്ടാം ഇന്നിംഗ്സ് ആശംസിക്കുന്നു. ഒപ്പം സംഘടനയിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

# സെരിറ്റാ മിൽറെഡ് അലോഷ്യസ്



35വർഷവും 1 മാസവും ദീർഘിച്ച കളങ്കരഹിതമായ സമർപ്പിത സേവനത്തിന ശേഷം എറണാകുളം സാർക്കിൽ, നിന്നും 2022 ഫെബ്രുവരി മാസം 28-ാം തിയതി വിരമിക്കുന്ന സ്പെഷ്യൽ അസ്സോസിയേറ്റ്, സെരിറ്റാ മിൽറെഡ് അലോഷ്യസ്. സന്തോഷം നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.

# മേരി.പി.വി.

37വർഷവും 10 മാസവും ദീർഘിച്ച കളങ്കരഹിതമായ സമർപ്പിത സേവനത്തിന ശേഷം എറണാകുളം കീഴ്മാട് ശാഖയിൽ നിന്നും ഡെ. മാനേജർ പദവിയിൽ നിന്നും 2022 ഫെബ്രുവരി മാസം 28-ാം തിയതി വിരമിക്കുന്ന മേരി.പി.വി.



മേരി.പി.വി

ധന്യമായ , സമാധാനവും സന്തോഷവും നിറഞ്ഞ ഒരു റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനു മായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

# ആഗ്നസ് ആലീസ്.വി.പി.



ആഗ്നസ് ആലീസ്.വി.പി

37 വർഷവും 4 മാസവും ദീർഘിച്ച കറപുരളാത്ത, തിളക്കമാർന്ന സേവനത്തിന് ശേഷം റാസ്മെക്ക്, ആലുവ എറണാകുളം ബ്രാഞ്ചിൽ നിന്നും 2022 ഫെബ്രുവരി മാസം 28-ാം തിയതി വിരമിക്കുന്ന ആഗ്നസ് ആലീസ്.വി.പി. മാനേജർ സന്തോഷപൂർണ്ണമായ രണ്ടാം ഇന്നിംഗ്സ് ആശംസിക്കുന്നു. ഒപ്പം സംഘടനയിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

# ലളിതാംബിക.പി.എൻ.

18 വർഷവും 8 മാസവും പിന്നിട്ട സ്തുത്യർഹമായ സമർപ്പിത സേവനത്തിന് ശേഷം ഉഴവൂർ, ശാഖയിൽ നിന്നും സ്പെഷ്യൽ അസ്സോസിയേറ്റ് പദവിയിൽ നിന്നും 2022 ഫെബ്രുവരി മാസം 28-ാം തിയതി വിരമിക്കുന്ന ലളിതാംബിക. പി.എൻ..

ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.



ലളിതാംബിക.പി.എൻ. ഉഴവൂർ, കോട്ടയം

## ഷേർളി ജോസഫ്



ഷേർളി ജോസഫ്

36വർഷവും 5 മാസവും 9 ദിവസവും ദീർഘിച്ച കളങ്കരഹിതമായ സമർപ്പിത സേവനത്തിന് ശേഷം ചങ്ങനാശ്ശേരി.എ.ഡി.ബി. ശാഖയിൽ നിന്നും ഡെ. മാനേജർ പദവിയിൽ 2022 ഫെബ്രുവരി മാസം 28–ാം തിയതി വിരമിക്കുന്ന ഷേർളി ജോസഫ്. സന്തോഷപൂർണ്ണമായ രണ്ടാം ഇന്നിംഗ്സ് ആശംസിക്കുന്നു. ഒപ്പം സംഘടനയിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

## കുര്യൻ വർഗീസ്

30വർഷവും 20 ദിവസവും ദീർഘിച്ച തിളക്കമാർന്ന സേവനത്തിന് ശേഷം കോട്ടയം, കളക്ടറേറ്റ് ബ്രാഞ്ചിലെ സീനിയർ ഹെഡ് മെസ്സഞ്ജർ തസ്തികയിൽ നിന്നും വിരമിച്ച കുര്യൻ വർഗീസ്.



കുര്യൻ വർഗീസ്,

സന്തോഷം നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.



കോട്ടയം ജില്ലാ വൈസ് പ്രസിഡന്റ് കെ.എൻ വിശ്വനാഥൻ നായർ (വലത്തേയറ്റം) കുര്യൻ വർഗീസിന്റെ യാത്രയയപ്പ് യോഗത്തിൽ പങ്കെടുത്തപ്പോൾ

## ബാങ്കിംഗ് മേഖലയിലെ പെൻഷൻ പരിഷ്ക്കരിക്കണം

### എസ്.ബി.ഐ.പെൻഷണേഴ്സ് അസോസിയേഷൻ കണ്ണൂർ ജില്ലാ ത്രൈവാർഷിക സമ്മേളനത്തിൽ പ്രമേയം

എസ്.ബി.ഐ. പെൻഷണേഴ്സ് അസോസിയേഷൻ കണ്ണൂർ ജില്ലാ ത്രൈവാർഷിക സമ്മേളനം 2022 ചൊവ്വാഴ്ച്ച വൈകുന്നേരം 4 മണിക്ക് ഓൺലൈൻ ആയി നടന്നു. സംസ്ഥാന പ്രസിഡന്റ് കെ. രാജീവൻ സമ്മേളനം ഉദ്ഘാടനം ചെയ്തു.



കെ.രാജീവൻ
സംസ്ഥാന പ്രസിഡന്റ്

## പുതിയ ഭാരവാഹികൾ



പി. നാരായണൻ ജില്ലാ പ്രസിഡന്റ്

ബാങ്കിങ് മേഖലയിലെ പെൻഷൻ കാലോചിതമായി പരിഷ്കരിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസോസിയേഷൻ കണ്ണൂർ ജില്ലാ ത്രൈവാർഷിക സമ്മേളനം ആവശ്യപ്പെട്ടു.

ഫാമിലി പെൻഷൻ അപാകതകൾ പരിഹരിക്കുക, പൊതുമേഖലാ സ്വകാര്യവൽക്കരണ നയം ഉപേക്ഷിക്കുക എന്നീ പ്രമേയങ്ങളും സമ്മേളനം അംഗീകരിച്ചു.

ജില്ലാ പ്രസിഡണ്ട് എം പി. സേതുരത്നം അധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡണ്ട് കെ. രാജീവൻ ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി കെ കെ നാരായണൻ പ്രവർത്തന റിപ്പോർട്ടും എം കൃഷ്ണൻ വരവ് ചെലവ് കണക്കും അവതരിപ്പിച്ചു. സംസ്ഥാന വൈസ് പ്രസിഡണ്ട് കെ രാജകുറുപ്പ്, അസി. ജനറൽ സെക്രട്ടറി സേതുമാധവൻ എന്നിവർ ആശംസകൾ നേർന്നു.

എൻ പി രാമനാരായണൻ, പി. നാരായണൻ, എൻ വി ബാബു, എ. രാഘവൻ തുടങ്ങിയവർ സംസാരിച്ചു. എ വി സുരേഷ്ബാബു സ്വാഗതവും, എം കൃഷ്ണൻ നന്ദിയും പറഞ്ഞു.

പുതിയ ഭാരവാഹികളായി പി. നാരായണൻ (പ്രസിഡണ്ട്), എ വി സുരേഷ് ബാബു, എം കോമളവല്ലി (വൈസ് പ്രസിഡണ്ട് ), എൻ വി ബാബു (സെക്രട്ടറി ) ജയരാജൻ പികെ , ടി ഗംഗാധരൻ (ജോ. സെക്രട്ടറി ) എ സുശീൽ കുമാർ (ട്രഷറർ ) എ. ബാലാമണി (അസി. ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.



എൻ വി ബാബു ജില്ലാ സെക്രട്ടറി



കണ്ണൂർ ജില്ലാ സമ്മേളനത്തിൽ പങ്കെടുത്ത അംഗങ്ങളുടെ ഒരു ദൃശ്യം



എ സുശീൽ കുമാർ (ജില്ലാ ട്രഷറർ )

**വൈസ് പ്രസിഡന്റുമാർ:–**

1) സുരേഷ് ബബു എ.വി.
2) 2) കെ.വി.കോമള വല്ലി

**ജോയിന്റ് സെക്രട്ടറിമാർ:–**

1) പി.കെ.ജയരജൻ 2) റ്റി.ഗംഗാധരൻ

**അസിസ്റ്റന്റ് ട്രഷറാർ :**

എ. ബലാമണി

മറ്റ് ജില്ലാ കമ്മിറ്റി അംഗങ്ങൾ:–

1. എ. രാഘവൻ
2. കൃഷ്ണൻ ഇ.കെ.
3. രാമചന്ദ്രൻ .സി.എച്ച്
4. ഹരി കുമാരൻ നമ്പ്യാർ
5. പി.രമ
6. ബാബു ജേക്കബ്ബ്
7 .വിനോദ് കുമാർ. ഇ.വി.
8. നാരയണൻ.കെ.കെ.
9. സേതുരത്നം.എം.പി.




**കെ.കെ.കൃഷ്ണൻ കുട്ടി , (LM 1014) രചിച്ച മനോഹരമായ ഓയിൽ പെയിന്റിംഗ്**

# പത്തനംതിട്ട ജില്ലാ കേന്ദ്രത്തിന്റെ പൊതുയോഗം




എസ്.ബി.ഐ. പെൻഷനേഴ്സ് അസോസിയേഷൻ പത്തനംതിട്ട ജില്ലയുടെ ജനറൽ ബോഡി യോഗം 2022 ഫെബ്രുരി 26 ശനിയാഴ്ച വൈകിട്ട് 4.00ന് തിരുവല്ല വൈഎംസിഎ ഹാളിൽ ചേർന്നു. യോഗത്തിൽ ജില്ലാ പ്രസിഡന്റ് കെ. എ. ചെറിയാൻ അധ്യക്ഷനായി. കോവിഡ് -19 പ്രോട്ടോക്കോൾ പൂർണമായും പാലിച്ചുകൊണ്ട് 30 അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു. ഞങ്ങളുടെ ക്ഷണം സ്വീകരിച്ച് എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ കൊല്ലം ഡിജിഎസ് ഗണപതി കൃഷ്ണൻ, കൊല്ലം എജിഎസ് രാമകൃഷ്ണപിള്ള. ബി എന്നിവരും യോഗത്തിൽ പങ്കെടുത്തു.



**സമ്മേളനത്തിൽ പങ്കെടുത്ത അംഗങ്ങളുടെ ഒരു ദൃശ്യം**

ജോയിന്റ് സെക്രട്ടറി ബാബു ഐസ്സക്ക് സ്വാഗതം ആശംസിച്ചു. കഴിഞ്ഞ യോഗത്തിന്റെ മിനിട്ട്സ് ജില്ലാ സെക്രട്ടറി പി.ഐ. മാത്യുവും കണക്കുകൾ ജില്ലാ ട്രഷറാർ എബ്രഹാം ജോർജ്ജും യോഗത്തിൽ അവതരിപ്പിച്ചു. യോഗം ചർച്ച ചെയ്ത് ഇവ പാസ്സാക്കി.

അനന്തരം ത്രൈവാർഷിക തിരഞ്ഞെടുപ്പ് റിട്ടേണിംഗ് ഓഫീസർ എം.എസ്.മോഹന്റെ ചുമതലയിൽ നടന്നു. താഴെപ്പറയുന്നവർ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു.

1. കെ. എ. ചെറിയാൻ: ജില്ലാ പ്രസിഡന്റ്

   **വൈസ് പ്രസിഡന്റുമാർ:–**
2. (1) വിജയ കുമാരൻ , വി. (2) ബാബു ഐസ്സക്
3. പി.ഐ. മാത്യു : ജില്ലാ സെക്രട്ടറി
4. **ജോയിന്റ് സെക്രട്ടറിമാർ:–**

   (1) എം. എസ്. മോഹൻ (2) ജെസ്സി തോമസ്
5. എബ്രഹാം ജോർജ്ജ്: ജില്ലാ ട്രഷറാർ
6. ജെൻസൊ എബ്രഹം: അസിസ്റ്റന്റ് ട്രഷറാർ
7. **മറ്റ് ജില്ലാ കമ്മിറ്റി അംഗങ്ങൾ:–**

   (1) എസ്. കല
   (2) സതീ ദേവിയമ്മ.പി.എസ്.
   (3) സജീവ് മാത്യു
   (4) റൊയിമോൻ കെ.ജെ.
   (5) ശിവപ്രസാദ്.പി.കെ.
   (6) ദീനാമ്മ അലെക്സ്
   (7) മാത്യു.കെ.വർഗീസ്

റൊയിമോൻ കെ.ജെ. കൃതഞ്ജത പ്രകാശിപ്പിച്ചു. യോഗം 5 മണിക്ക് പര്യവസാനിച്ചു.

# ആലപ്പുഴ ജില്ലാ കേന്ദ്രത്തിന്റെ പൊതുയോഗം




എസ്.ബി.ഐ. പെൻഷനേഴ്സ് അസോസിയേഷൻ ആലപ്പുഴ ജില്ലയുടെ ജനറൽ ബോഡി യോഗം 2022 ഫെബ്രുരി 26 ശനിയാഴ്ച 10.00 മണിക്ക് മാർതോമ്മ ചർച്ച് ഹാളിൽ ചേർന്നപ്പോൾ.

# കോട്ടയം ഏരിയ മീറ്റിംഗുകൾ:

ഫെബ്രുവരി 21 മുതൽ 26 വരെയുള്ള ദിവസങ്ങളിൽ കോട്ടയം ഏരിയ മീറ്റിംഗുകൾ നടത്തുകയുണ്ടായി. ജില്ലാ തല ഇലക്ഷന്റെ ഭാഗമായി 2022 - 2025 ലേയ്ക്കുള്ള ഏരിയ കമ്മറ്റികൾ ഈ യോഗങ്ങളിൽ രൂപീകരിക്കുകയുണ്ടായി. അംഗങ്ങളുടെ സജീവ പങ്കാളിത്തം എല്ലാ ഏരിയ മീറ്റിംഗുകളിലും ഉണ്ടായിരുന്നു. വൈക്കം ഒഴികെയുള്ള ഏരിയകളിൽ ഓൺലൈനായി ആണ് മീറ്റിംഗുകൾ സംഘടിപ്പിച്ചത്.. മീറ്റിംഗുകളിൽ സംഘടനയെ പ്രതിനിധി കരിച്ച് സ്റ്റേറ്റ് വൈസ് പ്രസിസന്റ് ശ്രീ.ബി.സി. ഉണ്ണിക്കൃഷ്ണൻ നായർ, ശ്രീ. മാത്യു അടയക്കാമുണ്ടക്കൽ ( ഡി.ജി.എസ്.), ശ്രീ. രാജ്മോഹനൻ നായർ (എ.ജി.എസ്), ശ്രീ.എം.ജി.രാഘവൻ (ജില്ലാ പ്രസിഡന്റ്), ശ്രീ.പി.എം. ജേക്കബ്ബ് (ജില്ലാ സെക്രട്ടറി), ശ്രീമതി.റൈസ ബീഗം (സ്റ്റേറ്റ് കമ്മറ്റി മെമ്പർ), ശ്രീ.കെ.എൻ.വിശ്വനാഥൻ നായർ (ജില്ലാ വൈസ് പ്രസിഡന്റ്), തുടങ്ങിയവർ പങ്കെടുത്തു. ഫെബ്രുവരി 21- നു കോട്ടയം ഏരിയ -1, 23 - നു കോട്ടയം ഏരിയ - 2 & കാഞ്ഞിരപ്പള്ളി ഏരിയ, 24 - നു പാല ഏരിയ, 25നു ഏറ്റുമാനൂർ ഏരിയ & വൈക്കം ഏരിയ , 26 - നു ചങ്ങനാശ്ശേരി ഏരിയ, എന്നീ കമ്മിറ്റികളുടെ യോഗങ്ങൾ നടത്തി. യോഗങ്ങളിൽ ഏരിയ പ്രവർത്തനങ്ങളെക്കുറിച്ചും, വരുന്ന മാർച്ച് 12 - നു നടക്കുന്ന ജില്ലാ വാർഷിക സമ്മേളനത്തെക്കുറിച്ചും, ആനുകാലിക സംഘടനാ കാര്യങ്ങളെക്കുറിച്ചും , നമ്മുടെ സൊസൈറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ചും വളരെ വിശദമായ ചർച്ച നടത്തി.

# പാലാ ഏരിയ ജനറൽ ബോഡി മീറ്റിംഗ്

പാലാ ഏരിയ ജനറൽ ബോഡി മീറ്റിംഗ് 2022 ഫെബ്രുവരി 24 ന് ഓൺലൈൻ ആയി 3 മണിക്ക് കൺവീനർ ശ്രീ. ജോസഫ് ജോണിന്റെ അദ്ധ്യക്ഷതയിൽ കൂടി. ജോയിന്റ് കൺവീനർ പി. ജി. അനിൽകുമാർ സ്വാഗതം ആശംസിച്ചു. അദ്ധ്യക്ഷൻ തന്റെ ഉപക്രമത്തിൽ കോവിഡ് പ്രതിസന്ധി മൂലം ഊർജസ്വലമായ പ്രവർത്തനങ്ങൾ ഈ ഭരണസമിതിക്ക് കാഴ്ചവെക്കാൻ സാധിച്ചില്ല എന്നു പറഞ്ഞു. എല്ലാ ജില്ലാതല കമ്മറ്റികളിലും പങ്കെടുക്കുകയും എല്ലാ വിവരങ്ങളും അംഗങ്ങൾക്ക് ഷെയർ ചെയ്തിരുന്നതായും അറിയിച്ചു. തുടർന്ന് അധ്യക്ഷൻ കഴിഞ്ഞ മൂന്നു വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുന്നതിനു ജോയിന്റ് കൺവീനറെ ക്ഷണിച്ചു. ജോയിന്റ് കൺവീനർ അവതരിപ്പിച്ച റിപ്പോർട്ട് യോഗംഅംഗീകരിച്ചു. പ്രസിഡന്റ് എം.ജി. രാഘവൻ യോഗം ഉത്ഘാടനം ചെയ്തു.

തുടർന്ന് പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടന്നു. പഴയ കമ്മറ്റിയിൽ പുതുതായി 3 അംഗങ്ങളെകൂടി ഉൾപ്പെടുത്തി 15 അംഗ കമ്മറ്റി നാമനിർദ്ദേശം ചെയ്തു. നിലവിലെ കൺവീനറും ജോയിന്റ് കൺവീനറും തൽസ്ഥാനത്തുനിന്നും മാറുകയാണെന്നു അറിയിച്ചതിൻ പ്രകാരം ജോർജ് ജോസഫ് കൺവീനറായും P.S.രാജ്മോഹൻ നായർ( ജോയിന്റ് കൺവീനറായും നോമിനേഷൻ കൊടുക്കുന്നതിന് തീരുമാനിച്ചു. പുതിയ ഭരണസമിതിക്കു ആശംസകൾ നേർന്നുകൊണ്ട് സ്റ്റേറ്റ് വൈസ് പ്രസിഡന്റ് ഉണ്ണികൃഷ്ണൻ , ഡിസ്ട്രിക്ട് സെക്രെട്ടറി ശ്രീ. ജേക്കബ്, AGS ശ്രീ. രാജ്മോഹൻ, വൈസ് പ്രസിഡന്റ് ശ്രീ. വിശ്വനാഥൻ, ശ്രീമതി. റെയ്സ ബീഗം എന്നിവർ സംസാരിച്ചു.

DGS ശ്രീ മാത്യു അടയ്ക്കാമുണ്ടയ്ക്കൽ. സംഘടനാ സംബന്ധമായ വിഷയങ്ങൾക്ക് മറുപടി നൽകി. ജില്ലാ സമ്മേളങ്ങൾക്ക് പ്രവർത്തകരെ പങ്കെടുപ്പിക്കുവാൻ തീരുമാനിച്ചു.



സമ്മേളനത്തിൽ പങ്കെടുത്ത അംഗങ്ങളുടെ ഒരു ദൃശ്യം.

ശ്രീ. പ്രഭാകരൻ കൃതജ്ഞത പ്രകാശിപ്പിച്ചു. യോഗം 4.30 ന് അവസാനിച്ചു.

# ഏറ്റുമാനൂർ ഏരിയാ മീറ്റിംഗ്

25.2.2022 വെള്ളിയാഴ്ച 11 മണി മുതൽ ഓൺലൈൻ ആയി സി.പി.മാത്യുയുടെ അദ്ധ്യക്ഷതയിൽ നടത്തി. 120 അംഗങ്ങൾ ഉള്ള ഏറ്റുമാനൂർ ഏരിയായുടെ പ്രവർത്തനങ്ങൾ 2019 മുതൽ വളരെ ഭംഗിയായി നടന്നു വരുന്നു.എന്നാൽ Covid മൂലം പ്രവർത്തനങ്ങൾക്ക് നേരിയ ക്ഷീണം ഉണ്ടായിരുന്നു.. 25.2.2022 വെള്ളിയാഴ്ച നടന്ന മീറ്റിംഗിൽ 35 അംഗങ്ങൾ വളരെ സന്തോഷപൂർവം ചേരുകയുണ്ടായി.

സോമശേഖരൻ അവറുകളുടെ അമ്മയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. തുടർന്ന് പ്രവർത്തന റിപ്പോർട്ട് വിലയിരുത്തി എം.പി.പുഷ്കരൻ ജോ.കൺവീനർ സ്വാഗതം നിർവഹിച്ചു. അദ്ധ്യക്ഷൻ Area Convenor Sri.C.P.Mathew പുതിയതായി കടന്നു വന്നപ്രവർത്തകർക് ആശംസകൾ നേർന്ന് ഏരിയുടെ പ്രവർത്തനങ്ങളെ വിലയിരുത്തി മീറ്റിംഗ് ഔപചാരികമായി ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് എം.ജി. രാഘവൻ ജില്ലാ തലത്തിലും ഏരിയ തലത്തിലും ഉള്ള നമ്മുടെ പ്രവർത്തനങ്ങൾ.വിലയിരുത്തി.

സംഘടനയെ പ്രതിനിധികരിച്ച് ശ്രീ.ബി.സി. ഉണ്ണിക്കൃഷ്ണൻ നായർ (സ്റ്റേറ്റ് വൈസ് പ്രസിഡന്റ്) ,അടുത്ത 3വർഷത്തേ പ്രവർത്തനങ്ങൾ എങ്ങനെ മെച്ചപ്പെടുത്താം അതിന് നാം എന്ത് ചെയ്യണം എന്നിവയെക്കുറിച്ച് സംസാരിച്ചു .തുടർന്ന്. ഡിസ്ട്രിക്ട് സെക്രെട്ടറി ശ്രീ. ജേക്കബ്, AGS ശ്രീ. രാജ്മോഹൻ നായർ(, വൈസ് പ്രസിഡന്റ് ശ്രീ. വിശ്വനാഥൻ നായർ(, ശ്രീമതി. റെയ്സ ബീഗം എന്നിവർ സംസാരിച്ചു. DGS ശ്രീ മാത്യു അടയ്ക്കാമുണ്ടയ്ക്കൽ. സംഘടനാ സംബന്ധമായ വിഷയങ്ങൾ സംസാരിച്ചു. തുടർന്ന് ഡിസ്ട്രിക്ട് സെക്രെട്ടറി ശ്രീ. ജേക്കബ് 2022-2025 ലേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പിനെപറ്റിയും അവരുടെ ഉത്തരവാദിത്വങ്ങളെപറ്റിയും സംസാരിച്ചു. തുടർന്ന് പുതിയ നാമനിർദ്ദേശം ക്ഷണിച്ചു. ഏരിയാ കൺവീനർ പദവി സി.പി.മാത്യു ഒഴിയുന്നതിനാൽ എം.പി.പുഷ്കരനെ ആ പദവിയിൽ നിർദേശിക്കുകയും ജോയിന്റ് കൺവീനർ പദവിയിൽ ജോർജ്ജ് ജോസഫിനെയും നിർദേശിച്ച് യോഗം അംഗീകരിച്ച്പാസാക്കി. നിലവിലുള്ള ഭരണസമിതി തുടരുവാനും പുതിയതായി

കെ.എസ്.എബ്രഹാം, ജോസ്.കെ.പോൾ, എം.കെ. സജാദ്, വനജ.പി.കെ. എന്നിവരെ ഭരണസമിതിയിലേക്ക് എടുക്കുവാനും യോഗം അനുമതി നൽകി. DGS , പ്രസിഡന്റ എന്നിവർ പുതിയ ഭാരവാഹികൾക്ക് ആശംസകൾ നേർന്നു. കെ.എസ്.എബ്രഹാം എല്ലാവർക്കും നന്ദി പ്രകാശിപിച് 12.30 നെ യോഗം പര്യവസാനിച്ചു.



സമ്മേളനത്തിൽ പങ്കെടുത്ത അംഗങ്ങളുടെ ഒരു ദൃശ്യം.

# കോട്ടയം ഏരിയ 2 മീറ്റിംഗ്

23.02.2022 ൽ ഓൺലൈനായിട്ടാണ് പൊതുയോഗം ചേർന്നത്. പ്രസ്തു തമീറ്റിംഗിൽ ശ്രീ.വിശ്വനാഥൻ നായർ (കൺവീനർ) അദ്ധ്യക്ഷത വഹിച്ചു. മൗനപ്രാർത്ഥനയോടെ 4 മണിക്ക് യോഗനടപടികൾ ആരംഭിച്ചു. .രഘുകുമാർ (എക്സി. കമ്മറ്റി മെമ്പർ) സ്വാഗതം ആശംസിച്ചു. കെ.എൻ .വിശ്വനാഥൻ നായർ തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ 2019 - 2022 കാലഘട്ടത്തിൽ തന്നോടൊപ്പം ഏരിയ 2 വിന്റെ പ്രവർത്തനങ്ങൾക്ക്, സഹകരണം നൽകിയ എല്ലാ അംഗങ്ങളേയും, വിശിഷ്യാ എക്സി. കമ്മറ്റിയങ്ങളേയും, അനുമോദിക്കുകയും, നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

തുടർന്ന് ശ്രീ.കെ.ജെ.വർഗീസ് (ജോ.കൺവീനർ) മുൻ യോഗ റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് ശ്രീ.എം.ജി.രാഘവൻ (ജില്ലാ പ്രസിഡന്റ് ) ഉൽഘാടന പ്രസംഗം നടത്തി. അദ്ദേഹം തന്റെ പ്രസംഗത്തിൽ അടുത്ത മൂന്നു വർഷത്തേക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പിനേക്കുറിച്ചും, നേത്രു സ്ഥാനത്തേക്ക് പ്രവർത്തിക്കുവാൻ കഴിവുള്ളവരും, പ്രവർത്തന പരിചയം ഉള്ളവരും കടന്നു വരണമെന്നും അഭിപ്രായപ്പെട്ടു. തുടർന്ന് ശ്രീ.ബി.സി.ഉണ്ണികൃഷ്ണൻ നായർ (സ്റ്റേറ്റ് വൈസ് പ്രസിഡന്റ് ) തന്റെ പ്രസംഗത്തിൽ കോട്ടയം, എറണാകുളം ജില്ലകളിലെ ഏരിയ കമ്മറ്റികളാണ് ഏറ്റവും നന്നായി പ്രവർത്തിക്കുന്നതെന്നും, ഏരിയ 2 ലെ ഭാരവാഹികൾക്ക് അനുമോദനവും, വരാൻപോകുന്ന പുതിയ കമ്മറ്റിക്ക് എല്ലാഭാവുകങ്ങളും നേരുകയും ചെയ്തു.

അതിനുശേഷം നടന്ന തെരഞ്ഞെടുപ്പിൽ 9 പേരടങ്ങുന്ന എക്സിക്യൂട്ടീവ് കമ്മറ്റിയെ ഐകകണ്ഠേന തിരഞ്ഞെടുത്തു. കൺവീനർ സ്ഥാനത്തേക്ക് അഡ്വ.വി.ആർ.ബാലകൃഷ്ണൻ നായരേയും, ജോ .കൺവീനർ സ്ഥാനത്തേക്ക് അഡ്വ. കെ.ജെ.വർഗീസിനേയും, യോഗം നിർദ്ദേശിക്കുകയും ചെയ്തു.

തിരഞ്ഞെടുക്കപ്പെട്ട എക്സി. കമ്മറ്റി അംഗങ്ങളെ അനുമോദിച്ചുകൊണ്ട് ശ്രീ.മാത്യു അടക്കാമുണ്ടക്കൽ സംസാരിച്ചു. അദ്ദേഹം മാർച്ച് 12-ന് ബേക്കർ എൽ.പി.സ്കൂളിൽ വച്ചു നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന ജില്ലാ വാർഷിക പൊതുയോഗത്തിൽ എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിച്ചു. കൂടാതെ ആനുകാലിക സംഘടനാകാര്യങ്ങളെക്കുറിച്ചും, പെൻഷൻ റിവിഷനിലൂടെ ഫാമിലിപെൻഷൻകാർക്ക് ഉണ്ടായ നേട്ടങ്ങളേക്കുറിച്ചും സംസാരിച്ചു.

ശ്രീമതി..റൈസാ ബീഗം (സ്റ്റേറ്റ് കമ്മറ്റി അംഗം) തിരഞ്ഞെടുക്കപ്പെട്ട എക്സി. കമ്മറ്റി അംഗങ്ങളെ അനുമോദിക്കുകയും, കമ്മറ്റിയിലേക്ക് വന്ന മൂന്നു വനിതാ അംഗങ്ങളെ പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തു.. ഓപ്പൺ ഫോറത്തിൽ .ചെറിയാൻ വർഗീസ്, എം.ജെ.ജയിംസ്, .തോമസ് വള്ളിക്കാപ്പൻ എന്നിവർ പുതിയ ഭാരവാഹികൾക്ക് ആശംസകൾ നേർന്നുകൊണ്ട് സംസാരിച്ചു. ശ്രീ.വി .ആർ.ബാലകൃഷ്ണൻ നായരുടെ നന്ദി പ്രകാശനത്തോടെ യോഗം അവസാനിച്ചു.



# കണ്ണീർ പ്രണാമം!



# റ്റി. വിശ്വനാഥൻ



റ്റി. വിശ്വനാഥൻ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ പാലക്കാട് യൂണിറ്റ് അംഗം റ്റി. വിശ്വനാഥൻ (LM No. 4352) പ്രതിഭ, ആർ.എസ്.റോഡ്, ഒറ്റപ്പാലം ഒറ്റപ്പാലം മരണപ്പെട്ട വിവരം അത്യന്തം ദു:ഖത്തോടെ റിപ്പോർട്ട് ചെയ്യുന്നു. 77 വയസ്സ് ആയിരുന്നു ദുഃഖാർത്തരായ കുടുംബാംഗങ്ങളോട് എസ്.ബി.ഐ. പെൻഷനേഴ്സ്അസോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു.

# ഷാഹുൽ ഹമീദ്.സി.എ.



ഷാഹുൽ ഹമീദ്.സി.എ.

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കണ്ണൂർ യൂണിറ്റ് അംഗം ഷാഹുൽ ഹമീദ്.സി.എ. ഹീര, ചക്കരപ്പറമ്പ് റോഡ്, അഴീക്കോട്, കണ്ണൂർ-9 നിര്യാതനായ വിവരം വ്യസന സമേതം അറിയിക്കുന്നു. 68 വയസ്സ് ആയിരുന്നു. എയർ ഫോഴ്സ് ജൂനിയർ വാറൻറ് ഓഫീസറും എസ്.ബി..ഐ . കണ്ണൂർ ബ്രാഞ്ചിലെ സ്പെഷ്യൽ അസിസ്റ്റന്റുമായിരുന്നു. പൂതപ്പാറ ശാദുലി ജുമായത്ത് പള്ളി സെക്രട്ടറിയും പൂതപ്പാറ സൗത്ത് യു.പി. സ്കൂൾ മുൻ പി.ടി.എ . പ്രസിഡൻറുമായിരുന്നു.

ഭാര്യ: . മറിയുമ്മ , മക്കൾ: അറഫാത്ത് (കുവൈത്ത്), ഹർഷിത, അൻസില. മരുമക്കൾ: സൈനുദ്ദീൻ (അബുദാബി) ഷംസീർ (ഖത്തർ), നിഅമത്ത്. സഹോദരങ്ങൾ : ഹലീമ , പരേതരായ ഹംസ, മുസ്തഫ മൗലവി, ഖദീജ. ഖബറടക്കം പള്ളിയമ്മൂല പള്ളി ഖബർസ്ഥാനിൽ ഫെബ്രുവരി 7-ാം തിയതി തിങ്കളാഴ്ച്ച രാവിലെ ഒൻപതര മണിക്ക് നടത്തി.

കുടുംബാംഗങ്ങളുടെയും ബന്ധുമിത്രാദികളുടേയും ദു:ഖത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനും പങ്കു ചേരുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു.

# ടി.എം. ആന്റണി

എസ്ബി ഐ റിട്ട . ഉദ്യോഗസ്ഥൻ . മിനിപ്പടി തയ്യിൽ ടി.എം. ആന്റണി ( പാപ്പച്ചൻ -88 ) അന്തരിച്ചു . സംസ്കാരം 12.02.22 ന് 2.30 ന് വസതിയിൽ ശുശ്രൂഷയ്ക്ക ശേഷം സെന്റ് ജോർജ് കത്തീ ഡ്രലിൽ നടത്തി..



ടി.എം. ആന്റണി

ഭാര്യ : വെട്ടിക്കുഴ റോസിലി. മക്കൾ: ലിറ്റി, ലിജോ (മസ്കറ്റ് ), ലിനോ, ലിന്റോത്ത്, (മസ്കറ്റ്) . മരുമക്കൾ : തിരുവനന്തപുരം നാഗനൂലിൽ എബി, മുത്തോലി ഈറ്റ തോട്ടിൽ സുജ (മസ്കറ്റ്) മരങ്ങോലി നിരപ്പിൽ മാഗി (നഴ്സ്) എംബിഎംഎം ആശുപത്രി കോതമംഗലം, അടിമാലി പുത്തൻപുരയ്ക്കൽ ബിനി (മസ്കറ്റ്), അദ്ദേഹത്തിന്റെ നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു

# കാർത്യായനിയമ്മ



കാർത്യായനിയമ്മ

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രത്തിൽ ഏറ്റുമാനൂർ ഏരിയാ കമ്മറ്റിയംഗമായ സോമശേഖരൻ അവറുകളുടെ മാതാവ് കാർത്യായനി പുത്തൻപറമ്പിൽ, മേമുറി നിര്യാതയായ വിവരം ഖേദപൂർവ്വം അറിയിക്കുന്നു. 97 വയസ്സായിരുന്നു. സംസ്കാരം 2022 ഫെബ്രുരി 13ന് ഭവനത്തിലെ വീട്ടുവളപ്പിൽ രാവിലെ 11.30 മണിക്ക് നടത്തി. പരേതയുടെ ആത്മാവിന്റെ നിത്യശാന്തിക്കായി പ്രാത്ഥിക്കുന്നതോടൊപ്പം വേർപാടിൽ വ്യസനിക്കുന്ന കുടുംബത്തോട് എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ, കോട്ടയം ജില്ലയുടെ അനുശോചനവും അറിയിക്കുന്നു. ആദരാഞ്ജലികൾ!

# സരോജിനിയമ്മ ടി. കെ

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ പത്തനംതിട്ട ജില്ലാ കേന്ദ്രത്തിലെ അംഗമായ റിട്ട. ലീഡ് ബാങ്ക് മാനേജർ വിജയകുമാരൻ വി റാന്നി യുടെ മാതാവ് സരോജിനിയമ്മ ടി. കെ വാർദ്ധക്യ സഹജമായ അസുഖത്തെ തുടർന്ന് 13.02.22ന് രാത്രിയിൽ നിര്യാതയായ വിവരം വ്യസന സമേതം അറിയിക്കുന്നു.



സരോജിനിയമ്മ ടി. കെ

സംസ്ക്കാരം 2022 ഫെബ്രുരി 14 തിങ്കൾ ഉച്ചക്ക് 1 മണിക്ക് പ്ലങ്കമാൻ ജംഗ്ഷൻ സമീപമുള്ള വിജയാവിലസോം വീട്ടുവളപ്പിൽ കോവിഡ് പ്രോട്ടോകോൾ പ്രകാരം നടത്തി. എല്ലാവരുടെയും പ്രാർത്ഥന ഉണ്ടായിരിക്കണം. എസ്. ബി. ഐ. പെൻഷനേഴ്സ് അസോസിയേഷൻ പത്തനംതിട്ട ജില്ലാ കേന്ദ്രത്തിന്റെ അനുശോചനം വിജയകുമാരൻ വി റാന്നിയെയും കുടുംബത്തെയും അറിയിക്കുന്നു. പരേതയുടെ ആത്മാവിന് നിത്യശാന്തി നേരുന്നു.

# മറിയാമ്മ അലക്സാണ്ടർ

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രത്തിലെ നമ്മുടെ കോട്ടയം ഏരിയ ഒന്ന് അംഗം ശ്രീ കെ ഏ ഫിലിപ്പിന്റെ പ്രിയ മാതാവ് മറിയാമ്മ അലക്സാണ്ടർ കല്ലുപുരയ്ക്കൽ അയ്മനം നിര്യാതയായ വിവരം ഖേദപൂർവ്വം അറിയിക്കുന്നു. 97 വയസ്സായിരുന്നു.

ശവസംസ്കാര ശുശ്രൂഷകൾ 2022 ഫെബ്രുരി 14 തിങ്കൾ രാവിലെ 11 മണിക്ക് ഭവനത്തിൽ ആരംഭിച്ച ശേഷം ഒളശ്ശ സെന്റ് മേരീസ് ആന്റ് സെന്റ് ജേജാൺസ് ഓർത്തഡോക്സ് പള്ളി സെമിത്തേരിയിൽ നടത്തി.



**മറിയാമ്മ അലക്സാണ്ടർ**

പരേതാത്മാവിന് നിത്യ ശാന്തി നേരുന്നു ഫിലിപ്പിനോടും മറ്റ് കുടംബാംഗങ്ങളോടും സംഘടനയുടെ പേരിലുള്ള അനുശോചനം അറിയിക്കുന്നു

## പി.വി.രവീന്ദ്രൻ



പി.വി.രവീന്ദ്രൻ

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കണ്ണൂർ ജില്ലാ കേന്ദ്രത്തിലെ അംഗമായ പി.വി.രവീന്ദ്രൻ, തേജസ്സ്, ടെമ്പിൾ ഗേറ്റ്, തലശ്ശേരി ആക്സ്മികമായി നിര്യാതനായ വിവരം അഗാധമായ ദുഖത്തോടെ അറിയിക്കുന്നു. ഭാര്യ: സുജാത. മക്കൾ: രജീഷ്, നിധീഷ്, മരുമക്കൾ: ജിഷ, വിന്യ .

അദ്ദേഹത്തിന്റെ നിര്യാണത്തിൽ ദുഃഖിക്കുന്ന കുടുംബത്തിനെ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു

## ശ്രീ. പി ജനാർദ്ദനൻ



പി ജനാർദ്ദനൻ

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തൃശ്ശൂർ ജില്ലാ കേന്ദ്രത്തിലെ അംഗവും ജില്ലാ ട്രഷറാറുമായിരുന്ന പി ജനാർദ്ദനൻ ആക്സ്മികമായി മരണപ്പെട്ട വിവരം അതീവ ദു:ഖത്തോടെ അറിയിക്കുന്നു. അദ്ദേഹത്തിന്റെ വിയോഗത്തിൽ ദുഃഖിക്കുന്ന കുടുംബത്തിനെ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു

## അനുശോചനക്കുറിപ്പ്

പി ജനാർദ്ദനൻ ഏവർക്കും പ്രിയപ്പെട്ട ലളിതനും വിനയാന്വിതനുമായ, വ്യക്തിയായിരുന്നു. ശാന്തനും സൗമ്യനുമായ അദ്ദേഹം തന്റെ സാന്നിധ്യം കൊണ്ട് എല്ലാവരേയും സന്തോഷിപ്പിച്ചു. സർവ്വീസിലിരിക്കുമ്പോൾ തമാശയും ബുദ്ധിയും കലർന്ന അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ അദ്ദേഹം കാണിച്ച ധീഷണത അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച എല്ലാവർക്കും അറിയാം.

പെൻഷണേഴ്സ് അസ്സോസിയേഷന്റെ, തൃശൂർ ജില്ലാ കേന്ദ്രത്തിലെ വിവിധ പദവികളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള അദ്ദേഹം ഈ ദൗർഭാഗ്യകരമായ മരണത്തെ അഭിമുഖീകരിക്കുമ്പോൾ ട്രഷററായി ചുമതല വഹിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ വിയോഗം നമുക്ക് വലിയ നഷ്ടമായിരിക്കും. ഭാര്യ അറിയിച്ചതനുസരിച്ച് ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽ ഐസിയുവിൽ നിന്ന് പുറത്തിറങ്ങുമെന്ന് ഞാൻ കരുതി.

അദ്ദേഹത്തിന്റെ കുടുംബത്തോടൊപ്പം ഞാനും അവരുടെ ദുഃഖത്തിൽ പങ്കുചേരുന്നു, വിയോഗം താങ്ങാനുള്ള ശക്തി അവർക്ക് നൽകാൻ ദൈവത്തോട് പ്രാർത്ഥിക്കുന്നു. സ്വർഗീയ വസതിയിൽ അദ്ദേഹത്തിന് ശരിയായ സ്ഥാനം നൽകണമെന്ന് ഞാൻ സർവ്വശക്തനായ ദൈവത്തോട് പ്രാർത്ഥിക്കുന്നു.

വി.ജി.ചിദംബരം,
ജില്ലാ സെക്രട്ടറി, തൃശ്ശൂർ

# അനുശോചന യോഗം

എല്ലാർക്കും പ്രിയങ്കരനായിരുന്ന P. ജനാർദ്ദനന്റെ നിര്യാണത്തിൽ ദുഃഖിക്കുന്ന തൃശ്ശൂർ ജില്ലാ പ്രവർത്തകർ A ശിവദാസിന്റെ വസതിയിൽ യോഗം ചേർന്ന് അനുശോചനം നടത്തി. ബഹുമാനപ്പെട്ട, അദ്ധ്യക്ഷൻ എം ആർ ജനാർദ്ദനൻ പരേതന്റെ ചിത്രത്തിന് മുൻപിൽ തിരിതെളിച്ചു. വൈസ് പ്രസിഡണ്ട് ശിവദാസ് സ്വാഗതവും, അധ്യക്ഷൻ MR ജനാർദ്ദനൻ അനുശോചനവും രേഖപ്പെടുത്തി. DGS, TT ബാലകൃഷ്ണൻ പരേതനും ആയുള്ള അടുപ്പത്തെ കുറിച്ച് വിവരിച്ചു. ശ്രീ ഹനീഫ A.I നന്ദിരേഖപ്പെടുത്തി.

# പി.സി.ജേക്കബ്ബ്

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ പത്തനംതിട്ട ജില്ലാ കേന്ദ്രത്തിലെ അംഗം അന്ന സജീവ് തോമസിന്റെ പിതാവ് പി.സി.ജേക്കബ്ബ് നിര്യാതനായി.



പി.സി.ജേക്കബ്ബ്

ഭാര്യ: പുല്ലാട് അണ്ടത്തേത്ത് കടുംബാംഗം. മക്കൾ സുമ, സുനിൽ. ശവസംസ്കാരം കീഴ്‌വായ്പൂര് ജറുസലേം മാർത്തോമ്മ പള്ളി സെമിത്തേരിയിൽ നടത്തി. എസ്ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ പത്തനംതിട്ട ജില്ല സെന്ററിന്റെ അനുശോചനം അറിയിക്കുന്നു. . പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# സി.ചന്ദ്രൻ.



സി.ചന്ദ്രൻ

എസ്.ബി.ഐ.പെൻഷണേഴ്സ് അസ്സോസിയേഷന്റെ കണ്ണൂർ ജില്ലാ കേന്ദ്രത്തിലെ അസ്സോസിയേറ്റ് ഫാമിലി അംഗവും. (AFM-3141) എസ്.ബി. ഐ റിട്ട. ഉദ്യോഗസ്ഥ മീറയുടെ ഭർത്താവുമായ ഇളയട പെരുന്തറ്റിൽമുക്ക് ശ്രുതിയിൽ ചന്ദ്ലോൻ ചന്ദ്രൻ അന്തരിച്ച വിവരം ഖേദപൂർവ്വം അറിയിക്കുന്നു.. ( 76 വയസ്സാ യിരുന്നു.) പെരുന്താറ്റിൽ ശ്രീനാരായണ സ്മാരക മന്ദിരം വൈസ് പ്രസിഡൻറാണ് . ഭാര്യ : മീറ . മക്കൾ : വിജേഷ് ( ഷിപ്പ് ), റിഗേഷ് , മരുമകൾ സിൽപ , സഹോദരങ്ങൾ : ശാന്ത , രോഹിണി , വിജയൻ, സുധാകരൻ, പ്രകാശൻ, പരേതനായ ബാലൻ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു.

# പുരുഷോത്തമൻ.എ.വി



പുരുഷോത്തമൻ.എ.വി

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കണ്ണൂർ ജില്ലാ കേന്ദ്രത്തിലെ അംഗമായ ശ്രീ എ വി പുരുഷോത്തമന്റെ (എൽഎം.68) വിയോഗം അഗാധമായ ദുഖത്തോടെ അറിയിക്കുന്നു. 88 വയസ്സായിരുന്നു. SIB ബ്രാഞ്ച് കണ്ണൂരിലും ഫോർട്ട് റോഡ് കണ്ണൂർ ബ്രാഞ്ചിലും ഹെഡ് ക്ലാർക്കായി ജോലി ചെയ്തിരുന്നു. മരണാനന്തരം തന്റെ ശരീരം മെഡിക്കൽ കോളേജിന് ദാനം ചെയ്യണമെന്ന് പുരുഷോത്തമന്റെ അന്ത്യാഭിലാഷമായിരുന്നു.

മോർച്ചറിയിൽ സൂക്ഷിച്ചിരുന്ന മൃതദേഹം 19.02.2022 ന് രാവിലെ 8 മണിക്ക് സ്വവസതിയിൽ കൊണ്ടുവന്നു. 9 മണി വരെ മൃതദേഹം വസതിയിൽ പൊതുദർശനത്തിന് വച്ചു . തുടർന്ന് അന്ത്യാഭിലാഷ പ്രകാരം മൃതദേഹം പരിയാരം മെഡിക്കൽ കോളേജിൽ എത്തിച്ചു കൈമാറി. അദ്ദേഹത്തിന്റെ നിര്യാണത്തിൽ ദുഃഖിക്കുന്ന കുടുംബത്തിനെ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു

# മേരിക്കുട്ടി ജോർജ്ജ്



മേരിക്കുട്ടി ജോർജ്ജ്

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ഇടുക്കി ജില്ലാ കേന്ദ്രത്തിലെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം എം ഡി ജോർജ്ജിന്റെ സഹധർമ്മിണി, മേരിക്കുട്ടി ജോർജ്ജ് ആക്സ്മികമായി നിര്യാതയായ വിവരം അത്യന്തം ദുഖത്തോടെ അറിയിക്കുന്നു. 71 വയസ്സായിരുന്നു. കൊവിഡ് ബാധിച്ച് ഇടുക്കി മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്നു. അസുഖം ഭേദമായി വീട്ടിൽ വിശ്രമിക്കവേ അവിചാരിതമായി അസ്വസ്തതകൾ മൂർച്ഛിച്ച് വീണ്ടും ഇടുക്കി മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കുകയാ യിരുന്നു.

അവരുടെ നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

## അനുശോചനക്കുറിപ്പ്

ഞങ്ങളുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം ശ്രീ. എം ഡി ജോർജിന്റെ പത്നി മേരിക്കുട്ടി ജോർജ്ജ് (71) നിര്യാണത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു. കൊവിഡ് ബാധിച്ച് ഇടുക്കി മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചു. മെച്ചപ്പെട്ടതും സുസ്ഥിരവുമായ അവസ്ഥയിൽ, ഡിസ്ചാർജ് ചെയ്യപ്പെടുകയും വീട്ടിൽ വിശ്രമിക്കുകയും ചെയ്തു. ഇന്നലെ M D ജോർജ്ജ് PM ജോർജ്ജിനോടും എന്നോടും ഫോണിൽ സംസാരിക്കുകയും അവരുടെ ആരോഗ്യത്തെക്കുറിച്ച് സംതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ 10. 30 PM ന് നില വീണ്ടും വഷളായി, ഇടുക്കി മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചു, പക്ഷേ 21.02.2022 ന് രാവിലെയോടെ മരണത്തിന് കീഴടങ്ങി. അവരുടെ ഭൗതികാവശിഷ്ടങ്ങൾ 22- 02- 2022 ന് രാവിലെ 10.30 ന് സെന്റ് മേരീസ് പള്ളി സെമിത്തേരിയിൽ നിത്യസംസ്കാരം നടത്തി.

അങ്ങേയറ്റം ദുഃഖവും നിരാശയും നിറഞ്ഞ ഈ നിമിഷത്തിൽ ജോർജിനെ ആശ്വസിപ്പിക്കാൻ ഒരു വാക്കും കണ്ടെത്തുന്നില്ല. നികത്താനാവാത്ത നഷ്ടത്തെ അതിജീവിക്കാനുള്ള ശക്തി നൽകാൻ സർവ്വശക്തനോട് പ്രാർത്ഥിക്കുന്നു.

SBI PAK ഇടുക്കി ജില്ലാ യൂണിറ്റിലെ അംഗങ്ങൾ ജോർജിനും അവരുടെ പ്രിയപ്പെട്ട മകനും മകൾക്കും കുടുംബത്തിലെ മറ്റ് കുടുംബാംഗങ്ങൾക്കും അഗാധമായ അനുശോചനം അറിയിക്കാൻ എന്നോടൊപ്പം ചേരുന്നു. സർവ്വശക്തൻ അവർക്ക് നിത്യശാന്തിയും സമാധാനവും നൽകി അനുഗ്രഹിക്കട്ടെ.
ടി ജെ ജോസഫ്.
ഇടുക്കി ജില്ലാ പ്രസിഡന്റ്

# രാധാകൃഷ്ണൻ.എൻ.



രാധാകൃഷ്ണൻ എൻ.

അവലൂക്കുന്ന് ശാഖയിൽ നിന്നും വിരമിച്ച നമ്മുടെ എല്ലാവരുടെയും പ്രിയങ്കരനായിരുന്ന എൻ. രാധാകൃഷ്ണൻ ഈ ലോകത്തോട് വിട പറഞ്ഞിരിക്കുന്നു എന്ന ദുഃഖകരമായ വിവരം അറിയിക്കുന്നു. അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തി നേരുന്നതിനോടപ്പം ആ കുടുംബത്തിന്റെ ദുഃഖത്തിൽ നമ്മളും പങ്ക് ചേരുന്നു. ആലപ്പുഴ ജില്ലാ സെക്രട്ടറി എ.ജി.ജയപ്രകാശ്, ഉമാപതിയുമായി പരേതന്റെ ഭവനത്തിലെത്തി ആദര സൂചകമായി പുഷ്പചക്രം സമർപ്പിക്കുകയും അദ്ദേഹത്തിന്റെ

ഭാര്യയെയും കുടുംബത്തിനെയും ആശ്വസിപ്പിക്കുകയും ചെയ്തു.

# കെ. എക്സ്. ജോർജ്ജ്



കെ. എക്സ്. ജോർജ്ജ്

സീനിയർ പെൻഷനെർ ശ്രീ കെ എക്സ് ജോർജ് കാട്ടുവള്ളിൽ പൂമറ്റം, പുതുപ്പള്ളി അന്തരിച്ചു. ശവസംസ്കാരം പിന്നീട്. പരേതന്റെ ആത്മശാന്തിക്കായി നമ്മുക്ക് പ്രാർത്ഥിക്കാം .

# ഇന്ത്യയുടെ വാനമ്പാടി ലതാ മങ്കേഷ്കർ അന്തരിച്ചു......



ലതാ മങ്കേഷ്കർ

അനശ്വരമായ സ്വരമാധുര്യം കൊണ്ട് ഒരു ജനതയുടെ മുഴുവന് മനം നിറച്ച സംഗീത ഇതിഹാസം ഇന്ത്യയുടെ സ്വന്തം വാനമ്പാടി ഭാരതരത്നം ലതാ മങ്കേഷ്കർ (92) വിടവാങ്ങി. മുംബൈ ബ്രീച്ച് കാന്ഡി ആശുപത്രിയില് ചികിത്സയിലിരിക്കെയാണ് അന്ത്യം സംഭവിച്ചത്. പ്രണയവും വിരഹവും ആനന്ദവും അങ്ങനെ ഇന്ത്യക്കാരുടെ വികാരവിക്ഷോഭങ്ങളെയും അനുഭൂതികളേയും ആ സ്വരം പ്രതിനിധാനം ചെയ്തു. 'രഹേ നാ രഹേ ഹം മഹ്കാ കരേംഗേ ബന്കെ കലി ബന് കെ സബാ...'......(ജീവിച്ചിരുന്നാലും ഇല്ലെങ്കിലും ഒരു പൂച്ചെണ്ടായും പൂന്തെന്നലായും ഞാന് സുഗന്ധം പൊഴിച്ചുകൊണ്ടിരിക്കും). പണ്ടെന്നോ അവർ പാടിയ ആ വരികള് തന്നെ സാക്ഷ്യം. പാടാനായി ലഭിച്ച നിയോഗം. അതിനപ്പുറം നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ സുകൃതം കൂടിയായിരുന്നു ലതാജി. കോവിഡ് ബാധിതയായിരുന്നു. ആരോഗ്യനില മോശമായതിനാല് അവരെ കഴിഞ്ഞ ദിവസം വീണ്ടും വെന്റിലേറ്ററിലേക്ക് മാറ്റിയിരുന്നു. കോവിഡ് പിടിപെട്ടതിനെത്തുടര്ന്ന് ജനുവരി എട്ടിനാണ് അവരെ ആശുപത്രിയില് പ്രവേശിപ്പിച്ചത്. ഭൗതികശരീരം ഞായറാഴ്ച ഉച്ചയോടെ മുംബൈയിലെ വസതിയിലെത്തിച്ചു.




വൈകീട്ട് 6.30 ന് ശിവാജി പാർക്കിൽ സംസ്ക്കരിച്ചു.



സംസ്ക്കാരം: ശിവാജി പാർക്കിലെ രാജ്യത്തിന്റെ യാത്രയയപ്പ് ഔദ്യോഗിക ബഹുമതികളോടെ



പാട്ടുനിർത്തി വാനമ്പാടി വിണ്ണിലേക്കു ചിറകടിച്ചു മറഞ്ഞു......

മുപ്പതിനായിരത്തിലധികം ഗാനങ്ങൾ ആലപിച്ച ലതയ്ക്ക് പരമോന്നത സിവിലിയന് ബഹുമതിയായ ഭാരതരത്നം 2001 ല് നല്കിരാജ്യം ആദരിച്ചു...... പദ്മഭൂഷണ്, ദാദാ സാഹെബ് ഫാല്ക്കെ അവാർഡ് , മൂന്ന് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങള്, ഫ്രാന്സിന്റെ ലീജിയന് ഓഫ് ഓണര് തുടങ്ങി നിരവധി അംഗീകാരങ്ങൾ ലതയെ... തേടിയെത്തി. എം.എസ്. സുബ്ബലക്ഷ്മിയ്ക്ക് ശേഷം ഭാരതരത്നം ലഭിക്കുന്ന സംഗീതജ്ഞയാണ് ലത. ദുരിതങ്ങളുടെ തീക്കനലുകളില് നിന്ന് സംഗീതത്തിന്റെ അപാരസുന്ദര നീലാകാശത്തേക്ക് പറന്നുയര്ന്ന് ഇന്ത്യയുടെ വാനമ്പാടിയായിത്തീർന്ന ചരിത്രമാണ് ലത മങ്കേഷ്കർ എന്ന ഗായികയുടേത്, ഒരിക്കലും മായാത്ത ചരിത്രം!......

# രാഹുൽ ബജാജ് അന്തരിച്ചു

ഇന്ത്യയുടെ മധ്യവർഗത്തെ രണ്ട് മോട്ടോർ ചക്രങ്ങളിൽ ഇരുത്തിയ മനുഷ്യനും 'ഹമാര ബജാജി ന്റെ സ്രഷ്ടാവുമായ രാഹുൽ ബജാജ് ശനിയാഴ്ച അന്തരിച്ചു.




"ഹമാര ബജാജ്"

ബജാജിനെ (83) പൂനെയിലെ റൂബി ഹാൾ ക്ലിനിക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഉച്ചയ്ക്ക് 2.30 ഓടെയാണ് അദ്ദേഹം മരിച്ചത്.



രാഹുൽ ബജാജ്

## രാഹുൽ ബജാജ് എങ്ങനെയാണ് ഇറ്റാലിയൻ വെസ്പയെ ചേതക് ആക്കി മാറ്റിയത്?

ഇറ്റാലിയൻ വെസ്പയെ ഇന്ത്യയുടെ പ്രിയപ്പെട്ട ഇരുചക്രവാഹനമായ ബജാജ് ചേതകിലേക്ക് പുനർനിർമ്മിച്ചതിന്റെ ഒരു ക്ലാസിക് നീക്കത്തിലൂ ടെയാണ് ഈ വ്യവസായി ഓർമ്മിക്കപ്പെടുന്നത്. ബജാജ് ചേതക് സ്കൂട്ടർ ഇടത്തരം ഇന്ത്യൻ കുടുംബങ്ങളുടെ അഭിലാഷ ചിഹ്നമായി മാറി. "ഹമാര ബജാജി"ന്റെ ട്യൂൺ അവരുടെ നല്ല ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകളുടെ പര്യായമായി മാറുന്നു.

പത്മഭൂഷൺ, നിരവധി സർവകലാശാലകളിൽ നിന്നുള്ള ഓണററി ഡോക്ടറേറ്റ് എന്നിവയുൾപ്പെടെ നിരവധി പുരസ്കാരങ്ങൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. വ്യവസായത്തിലെ അദ്ദേഹത്തിന്റെ നേതൃത്വപരമായ പങ്കും അദ്ദേഹത്തിന്റെ മാർഗ്ഗനിർദ്ദേശവും എപ്പോഴും ശ്രദ്ധിക്കപ്പെട്ടു. ഇന്നുവരെ, 1979-80, 1999-2000 എന്നീ രണ്ട് ടേമുകളിൽ വ്യവസായ ചേംബർ CII യുടെ പ്രസിഡന്റായ ഒരേയൊരു വ്യക്തിയാണ് അദ്ദേഹം.

ഇന്ത്യൻ എയർലൈൻസിന്റെ ചെയർമാനും ബോംബെയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ ബോർഡ് ഓഫ് ഗവർണേഴ്സ് ചെയർമാനുമടക്കം നിരവധി സ്ഥാനങ്ങളും അദ്ദേഹം വഹിച്ചിട്ടുണ്ട്.

ഇന്റർനാഷണൽ ബിസിനസ് കൗൺസിൽ, വേൾഡ് ഇക്കണോമിക് ഫോറം എന്നിവയുടെ മുൻ ചെയർമാനും ഹാർവാർഡ് ബിസിനസ് സ്കൂളിന്റെ സൗത്ത് ഏഷ്യ അഡ്വൈസറി ബോർഡ് അംഗവുമായിരുന്നു.

കൂടാതെ, വാഷിംഗ്ടൺ ഡിസിയിലെ ബ്രൂക്കിംഗ്സ് ഇൻസ്റ്റിറ്റ്യൂഷന്റെ ഇന്റർനാഷണൽ അഡ്വൈസറി കൗൺസിൽ മുൻ അംഗമായിരുന്നു. ബജാജ് ഗ്രൂപ്പ് ഓഫ്

കമ്പനികളുടെയും ജംനാലാൽ ബജാജ് ഫൗണ്ടേഷൻ ഉൾപ്പെടെയുള്ള ചാരിറ്റബിൾ ട്രസ്റ്റുകളുടെയും സിഎസ്ആർ പ്രവർത്തനങ്ങൾക്ക് ഈ വ്യവസായി നേതൃത്വം നൽകി.

1980 കളിലും 1990 കളിലും, ബജാജ് ഇരുചക്ര വാഹനങ്ങൾ, പ്രത്യേകിച്ച് ബജാജ് ചേതക് മിക്ക ഇന്ത്യൻ റോഡുകളിലും ഒരു സാധാരണ കാഴ്ചയായിരുന്നു. ഇടത്തരക്കാരുടെ ദൈനംദിന യാത്രകൾക്കും യുവ ദമ്പതികളുടെ റൊമാന്റിക് സ്പിന്നിനും പോലും ഇത് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന മോഡായിരുന്നു.

1989-ലാണ് വാഹനത്തിന്റെ പരസ്യം നൽകാൻ 'ഹമാര ബജാജ്' ജിംഗിൾ ഉപയോഗിച്ചത്, അത് തൽക്ഷണം കേബിൾ ടിവിക്ക് മുമ്പുള്ള ഇന്ത്യൻ മനസ്സുകളെ ആകർഷിക്കുകയും ഐക്കണിക്ക് പദവി നേടുകയും ചെയ്തു.

**അംഗങ്ങളിൽ നിന്നും പ്രസിദ്ധീകരണ യോഗ്യമായ വാർത്തകൾ ക്ഷണിക്കുന്നു.**

**രക്ഷാധികാരി**

**ശ്രീ.കെ.രാജീവൻ,**

**സംസ്ഥാന പ്രസിഡന്റ്**

**എ.ജയകുമാർ,**

**സംസ്ഥാന ജനറൽ സെക്രട്ടറി**

**പത്രാധിപ സമിതി**

**മാനേജിംഗ് എഡിറ്റർ**

**മാത്യു അടയ്ക്കാമുണ്ടയ്ക്കൽ**

**ചീഫ് എഡിറ്റർ**

**എം.ജി.രാഘവൻ**

**എഡിറ്റർ**

**പി.പി.ഫിലിപ്പ്**

**പത്രാധിപ സമിതി അംഗങ്ങൾ**

പി.എം.ജേക്കബ്

സി.പി.മാത്യു

എം.പി.പുഷ്കരൻ

കെ. എൻ വിശ്വനാഥൻ നായർ

ഈശോ ചെറിയാൻ

ജോൺ വി. ചെറിയാൻ

ജോസഫ് ജോൺ

ത്രേസ്യാമ്മ ആന്റണി

കെ.വി.ജോർജ്ജ്

കെ. കെ.പാപ്പച്ചൻ

P.S: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന ആശയങ്ങൾ എല്ലാം എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല

ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. സൂഷ്മമായി നിരീക്ഷിച്ചാൽ കുറവുകൾ കണ്ടേക്കാം. അവ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും.
ചീഫ് എഡിറ്റർ

